# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കല്ലറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വിഎം/ജി.പി.14/1254/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വിഎം/ജി.പി.14/1254/23 തീയ്യതി: 16/11/2023

# തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 60 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ്രേ) | 18-08-2023 | 24-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-08-2023 | 24-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലീന.പി.ബി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലിഷ.കെ.വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശാലിനി.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സ്വപ്ന.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രഞ്ജിത്ത്.സി, ഓഡിറ്റർ
ശ്രീ.അഖിൽരാജ്.ഡി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ലിസി.ജി.ജെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ആശ.വി.നായർ | കൃഷി ഓഫീസർ | 01-04-2022 | 27-07-2022 |
| ശ്രീ.എ.സുകുമാരൻ നായർ | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| ഡോക്ടർ.സജീവ്കുമാർ.എസ് | വെറ്റിനറിസർജൻ | 01-04-2022 | 10-01-2023 |
| ഡോക്ടർ.സുനിൽകുമാർ.കെ | വെറ്റിനറിസർജൻ | 10-01-2023 | 31-03-2023 |
| ഡോക്ടർ.പത്മകുമാരി | മെഡിക്കൽഓഫീസർ,സി.എച്ച്.സി | 01-04-2022 | 19-09-2022 |
| ഡോക്ടർ.അജിത.പി. | മെഡിക്കൽഓഫീസർ.സി.എച്ച്.സി | 19-09-2022 | 31-03-2023 |
| ശ്രീ.സനൽകുമാർ.വി.കെ | വി,ഇ.ഒ (1) | 01-04-2022 | 10-08-2022 |
| ശ്രീമതി.സഫീന.എസ്. | വി,ഇ.ഒ (1) | 10-08-2022 | 31-03-2023 |
| ശ്രീ.ഉണ്ണികൃഷ്ണൻ.വി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.ബിജു.ബി .കെ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ദീപ.ബി.എൽ | ഡയറിഫാംഎക്സ്റ്റൻഷൻഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രേമ.എൽ | ഐ.സി,ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രദീപ്.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 07-11-2022 |
| ശ്രീ.സുനിൽ.പി | അസിസ്റ്റന്റ് സെക്രട്ടറി | 08-11-2022 | 10-02-2023 |
| ശ്രീ.രവീന്ദ്രബാബു.റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 11-02-2023 | 31-03-2023 |
| ശ്രീ.കൃഷ്ണകുമാർ.ഇ.എസ് | സെക്രട്ടറി | 01-04-2022 | 01-06-2022 |
| ശ്രീ.പ്രദീപ്.എസ് (ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി | 02-06-2022 | 01-07-2022 |
| ശ്രീ.കൃഷ്ണകുമാർ.ഇ.എസ് | സെക്രട്ടറി | 02-07-2022 | 05-10-2022 |
| ശ്രീ.പ്രദീപ്.എസ് (ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി | 06-10-2022 | 31-10-2022 |
| ശ്രീമതി.ഷീജ.ആർ.എസ് | സെക്രട്ടറി | 01-11-2022 | 02-12-2022 |
| ശ്രീ.സുനിൽ.പി (ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി | 02-12-2022 | 10-02-2023 |
| ശ്രീ.രവീന്ദ്രബാബു.റ്റി (ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി | 13-02-2023 | 28-02-2023 |
| ശ്രീമതി.ലക്ഷ്മി.ഡി. | സെക്രട്ടറി | 01-03-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.സനൽകുമാർ വി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 01-04-2022 | 16-08-2022 |
| ശ്രീമതി.രജിത.റ്റി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 17-08-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല | 1-1-4 |
| 6 | STALE ചെക്കുകൾ വരുമാനമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-1-5 |
| 7 | "Cheques Deposited But Not Cleared" - നടപടി അനിവാര്യം | 1-1-6 |
| 8 | സംയുക്ത പ്രോജക്ടുകൾക്ക് ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും ബാങ്ക് അക്കൌണ്ട് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-8 |
| 10 | നിക്ഷേപ പ്രവൃത്തികൾക്കായി ചെലവ് ചെയ്ത തുകകൾ അഡ്വാൻസ് റ്റു ഇമ്പ്ലിമെന്റിംഗ് ഏജൻസീസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല | 1-1-9 |
| 11 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- നിക്ഷേപ പ്രവർത്തികളുടെ നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം | 1-1-10 |
| 12 | SBI E-Payment അക്കൌണ്ടിന്റെ 2021-22 വർഷത്തെ നീക്കിയിരിപ്പ് 2022-23-ലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | അക്കൌണ്ട്സ് പരിശോധന- മറ്റപാകങ്ങൾ | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ബജറ്റ് - അപാകങ്ങൾ | 1-2-1 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ക്ഷേമ പദ്ധതികൾ | 1-6 |
| 21 | പെൻഷൻ വിതരണം സംബന്ധിച്ച അപാകങ്ങൾ | 1-6-1 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 25 | തൊഴിലുറപ്പ് പദ്ധതി അപാകതകൾ | 1-9-1 |

| | | |
|---|---|---|
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | തനത് വരുമാനം, സമാഹരണം സംബന്ധിച്ച നിരീക്ഷണം | 1-11 |
| 28 | തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 236250/- രൂപ നഷ്ടമായി | 1-12 |
| 29 | ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് പ്രകാരം 2342144 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | 1-13 |
| 30 | കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-14 |
| 31 | വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-15 |
| 32 | വിനോദ സഞ്ചാര മേഖലയിൽ ഗ്രാമപഞ്ചായത്തിന്റ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. | 1-16 |
| 33 | ഗുഡ് ഇംഗ്ലീഷ് - 137500/- രൂപ തടസ്സപ്പെടുത്തുന്നു | 1-17 |
| 34 | ലൈബ്രറിക്ക് പുസ്തകം വാങ്ങൽ ക്വട്ടേഷൻ ക്ഷണിച്ചില്ല- 150000/- രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 35 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - നടത്തിപ്പിലെ അപാകങ്ങൾ - 99998/- രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 36 | ഹരിത കർമ്മ സേനക്കായി വാഹനം വാങ്ങിയത് ഉപയോഗിക്കാതെ വാഹനം വാടകക്കെടുത്ത് തുക ചെലവഴിച്ചു-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-20 |
| 37 | - PMAY വിഹിതം കൈമാറൽ - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല- 1735000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 38 | എം സി എഫുകളുടെ പ്രവർത്തനം - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-22 |
| 39 | ലൈഫ് ഭവന പദ്ധതി- രേഖകൾ ലഭ്യമാക്കിയില്ല. 310000/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ് | 1-23 |
| 40 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ഇലക്ട്രീഷ്യന് വേതനം നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-24 |
| 41 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ – 200000 രൂപ ചെലവഴിച്ചതിൽ 98045 രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. | 1-25 |
| 42 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 936878/- രൂപ തടസ്സം ചെയ്യുന്നു | 1-26 |
| 43 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ 323959/- രൂപ തടസ്സം ചെയ്യുന്നു. | 1-27 |
| 44 | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്- ചെലവു രേഖകൾ ലഭ്യമാക്കിയിട്ടില്ല-283908/- രൂപ തടസ്സം ചെയ്യുന്നു. | 1-28 |
| 45 | ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ-പദ്ധതി നടത്തിപ്പിലെ | 1-29 |

| | | |
|---|---|---|
| | അപാകതകൾ | |
| 46 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ-ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല-67950/-രൂപ തടസ്സം ചെയ്യുന്നു. | 1-30 |
| 47 | പൊതുടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി കാലികമാക്കിയിട്ടില്ല. | 1-31 |
| 48 | പബ്ലിക് കംഫർട്ട് സ്റ്റേഷൻ ആശ്വാസ് കേന്ദ്രത്തിന്റെ വെള്ളക്കരം കുടിശ്ശിക-കരാറുകാരൻ വരുത്തിയത് തനതുഫണ്ടിൽ നിന്ന് ഒടുക്കി | 1-32 |
| 49 | വൌച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-33 |
| 50 | സംഭാവനയായി ലഭിച്ച ആംബുലൻസ്- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ഉപയോഗയോഗ്യമാക്കിയോയെന്ന് വ്യക്തമല്ല | 1-34 |
| 51 | കല്ലറ ബസ് സ്റ്റാന്റ് കുഴൽക്കിണർ നവീകരണം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-1,98,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 52 | പകൽ വീടിന് വൈദ്യുതി ലഭിക്കുന്നതിന് ത്രീഫേസ് ലൈൻ വലിക്കൽ - എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പൂർണ്ണമായും അടവാക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭ്യമായോയെന്നതിൽ വ്യക്തതയില്ല | 1-36 |
| 53 | പാഥേയം പദ്ധതി നടത്തിപ്പിലെ അപാകതകൾ-1076576/- രൂപ തടസ്സപ്പെടുത്തുന്നു. | 1-37 |
| 54 | ആശ്രയ ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണി-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-38 |
| 55 | സി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ - 163386/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല | 1-39 |
| 56 | ആട്ടിൻകുട്ടി വിതരണം (എസ്.സി.പി) പദ്ധതി - ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-40 |
| 57 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.575000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-41 |
| 58 | ഭവന പുനരുദ്ധാരണം-പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായും ഫയലിൽ ലഭ്യമല്ല. | 1-42 |
| 59 | ഭരണസമിതി തീരുമാനങ്ങൾ നടപ്പിലാക്കിയില്ല | 1-43 |
| 60 | ലൈഫ് ഭവന നിർമ്മാണം ആരംഭിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കൽ- തുടർ നടപടിവിവരം ലഭ്യമാക്കിയില്ല | 1-44 |
| 61 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ടുകളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 692296/- രൂപയുടെ ചെലവ് തടസ്സത്തിൽ വക്കുന്നു | 1-45 |
| 62 | ബിവറേജ് കൈതക്കെട്ട് കോൺക്രീറ്റ് റോഡ് തകർന്നത്- തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 1-46 |

| | | |
|---|---|---|
| 63 | വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികൾ - ഫയൽ മറ്റ് അനുബന്ധ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല- ചെലവു തുക 494800/- രൂപ തടസ്സപ്പെടുത്തുന്നു | 1-47 |
| 64 | ഇ ടെണ്ടറിനായി ആരംഭിച്ച കറന്റ് അക്കൗണ്ടിലൂടെ മറ്റ് ട്രാൻസാക്ഷൻസ് നടത്തുന്നു- സർക്കാർ നിർദ്ദേശത്തിന് വിരുദ്ധം | 1-48 |
| 65 | ആസ്തി സംരക്ഷണം, ആസ്തി രജിസ്റ്റർ കാലികമാക്കൽ എന്നിവ പൂർണ്ണമായും നടപ്പിലായില്ല | 1-49 |
| 66 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല | 1-50 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകളുടെ വിശദാംശം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് നമ്പർ ജനറൽ കമ്മിറ്റിയുടെ 15-07-2023ലെ 1(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 20.07.2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കല്ലറ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കല്ലറ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഈ അപാകവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 21/22-23, 22.08.2023)മറുപടി ലഭ്യമാക്കിയില്ല. ചട്ട പ്രകാരമുള്ള പത്രികകൾ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalents" പ്രകാരമുള്ള 6557367/- തുകയും "Net Cash Generated By Operating + Investing + Financing Activities (A+B+C)" പ്രകാരമുള്ള (-) 1549749/- തുകയും പൊരുത്തപ്പെടുന്നില്ല. പ്രസ്തുത അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 21/22-23, 22.08.2023 ന് മറുപടി ലഭ്യമാക്കിയില്ല. വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ കല്ലറ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ പ്രതിമാസം ഡിമാന്റ് ചെയ്തിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201890/31.03.2023 |
| 110100102 | Property Tax On Non Residential | 42201891/31.03.2023 |
| 110200101 | Profession Tax - Institutions | 42201900/31.03.2023 |
| 110200105 | Profession Tax - Traders | 42201901/31.03.2023 |

അപാകവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/22.08.23) മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ അപാകം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വകരിക്കേണ്ടതാണ്.

## 1-1-4 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് മുൻ വർഷത്തെ തുകയാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/22-23,22.08.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് മൂല്യനിർണ്ണയം യഥാസമയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-5 STALE ചെക്കുകൾ വരുമാനമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

ബി 9 ഷെഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 116743/-രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകയിൽ മൂന്ന് വർഷ കാലാവധി കഴിഞ്ഞ തുകകൾ വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം (ഓഡിറ്റ് എൻക്വയറി 38/22-2, 23.08.2023)പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. Stale Cheque ഇനത്തിൽ അവശേഷിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-6 “Cheques Deposited But Not Cleared” - നടപടി അനിവാര്യം

എസ് ബി ഐ E-pay അക്കൌണ്ടായ 37236405610 ന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Cheques Deposited Not Cleared എന്ന ഇനത്തിൽ 2743/- രൂപയുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യാത്തതിന്റെ കാരണം , അവ പണമാക്കാൻ സ്വീകരിച്ച നടപടി എന്നിവ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി 38/22-2, 23.08.2023) മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-7 സംയുക്ത പ്രോജക്ടുകൾക്ക് ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും ബാങ്ക് അക്കൌണ്ട് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | മുന്നിരിപ്പ് | വരവ് (I6) | ചെലവ്(ചെലവ് പത്രിക ) | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾ) |
|---|---|---|---|---|---|
| 320700204 | Joint Venture -Revenue Expenditure -Block Panchayath | 724614 | 1209246 | 1209246 | 724614 |
| 320700205 | Joint Venture -Revenue Expenditure -District Panchayath | 119750 | 448877 | 448877 | 119750 |

ട്രഷറി ടി. എസ്. ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിൽ ( 79901140001369) നീക്കിയിരിപ്പില്ല. 20.03.2023 ലെ ചെക്ക് നമ്പർ 542792 പ്രകാരം 871959/- രൂപ പ്രസ്തുത അക്കൌണ്ടിൽ ചെലവ് വന്നിട്ടുണ്ട്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിൽ വ്യത്യാസം വന്നതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 47 /22-23, 24.08.2023 ക്ക് മറുപടി ലഭ്യമാക്കിയില്ല. നീക്കിയിരിപ്പിൽ വ്യത്യാസം വന്നതിലുള്ള കാരണം കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-8 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

വിവിധയിനം വരവ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ അവ പ്രതിമാസം ക്ലോസ് ചെയ്ത് ലെഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 47 /22-23, 24.08.2023 ക്ക് മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-9 നിക്ഷേപ പ്രവൃത്തികൾക്കായി ചെലവ് ചെയ്ത തുകകൾ അഡ്വാൻസ് റ്റു ഇമ്പ്ലിമെന്റിംഗ് ഏജൻസീസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല

സുലേഖ ചെലവ് പത്രിക പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി 2022-23 വർഷം ചെലവ് ചെയ്ത ചുവടെ ചേർക്കുന്ന തുകകൾ വാർഷിക ധനകാര്യ പത്രിക RP -49 ചെലവ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പ്രസ്തുത തുകകളെ B -18 ഷെഡ്യൂളിലും ഉൾപ്പെടുത്തിട്ടിയില്ല.

| പ്രോ നം./ പേര് | നൽകിയ ഏജൻസി | തുക |
|---|---|---|
| 187/പകൽവീടിന് വൈദ്യുതി ലഭിക്കുന്നതിന് ത്രീ ഫേസ് ലൈൻ വലിക്കൽ | കെ എസ് ഇ ബി | 100000 |
| 28/ കല്ലറ ബസ് സ്റ്റാന്റ് കുഴൽകിണർ നവീകരണം | ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 198000 |

ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നൽകിയ തുക ഡെപ്പോസിറ്റ് ഹെഡ്ഡിൽ പോസ്റ്റ് ചെയ്യാതെ 251120102, Public Drinking Water Programmes-Maintenance Of Public Well എന്ന ഹെഡ് കോഡിലാണ് പോസ്റ്റ് ചെയ്തിട്ടുള്ളത്.

## 1-1-10 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- നിക്ഷേപ പ്രവർത്തികളുടെ നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം

2021-22 B-18 ഷെഡ്യൂൾ പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയതിൽ അവശേഷിക്കുന്ന തുക 7,747,622/- രൂപയാണ്. എന്നാൽ 2022-23 വർഷം പ്രസ്തുത തുക 6,064,692/-രൂപയാണ്. 1682930/- രൂപയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 38/22-23, 23.08.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-11 SBI E-Payment അക്കൌണ്ടിന്റെ 2021-22 വർഷത്തെ നീക്കിയിരിപ്പ് 2022-23-ലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

2021-22 വർഷത്തെ RP40(b) പ്രകാരം SBI E-Payment (37236405610) അക്കൌണ്ടിന്റെ നീക്കിയിരിപ്പ് 577906/- രൂപയാണ്. 2022-23-ലെ RP 40(a) പ്രകാരം മേൽ അക്കൌണ്ടിന്റെ മുന്നിരിപ്പ് 577926/- രൂപയാണ്. ഇത്തരത്തിൽ വ്യത്യാസം വന്നതിന് കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 21/22-23, 22.08.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വ്യത്യാസം വന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-1-12 അക്കൌണ്ട്സ് പരിശോധന- മറ്റപാകങ്ങൾ

1. 2022-23 വർഷത്തെ വികസനഫണ്ട് (എസ് സി പി) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ 2023-24 വർഷത്തെ ചെലവ് ഉൾപ്പെട്ടി രിക്കുന്നു

2022-23 വർഷത്തെ വികസനഫണ്ട് (എസ് സി പി) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതയുണ്ട്

| ക്രമ നമ്പർ | തീയതി | ബിൽനമ്പർ, തീയതി | ഡിഡിഒ | തുക |
|---|---|---|---|---|
| 45 (As Per ACR) | 29.03.2023 | 20/05.06.2023 | VEO | 81179 |

2023-24 ൽ ചെലവ് ചെയ്ത തുക 2022-23 വർഷത്തെ എ സി ആറിൽ ഉൾപ്പെട്ടതിന്റെ കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 32/2022-23,23.08.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

2. മൂന്ന് വർഷത്തിലധികമായി കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതു ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല

2021-22 B-7 ഷെഡ്യൂളിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ 2022-23 വർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 340100203 | Bidder's Security Deposit | 76597 |
| 340109901 | Other Deposit | 5000 |

Bidder's Security Deposit ഇനത്തിൽ 26.11.2021 ലെ 5000/- രൂപ ഒഴികെ ബാക്കി 71597 രൂപയും 2019ലും അതിനു മുൻപും ഉള്ള തുകകളാണ്. കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തത് സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറി 38/22-23, 23.08.2023. കാലഹരണപ്പെട്ട തുകകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ്/റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 24.03.2022 | 24.03.2023 |
| ഭരണസമിതി തീരുമാനം | 1 | I(1) |
| മുന്നിരിപ്പ് | 13646158 | 8528939 |
| പ്രതീക്ഷിത വരവ് | 413873000 | 414108000 |
| പ്രതീക്ഷിത ചെലവ് | 416956400 | 413280278 |
| നീക്കിയിരിപ്പ് | 10562758 | 9356661 |

## 1-2-1 ബജറ്റ് - അപാകങ്ങൾ

1. ബജറ്റ് ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ട 2022-23 വർഷത്തെ ബജറ്റ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല. കൂടാതെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തുടർ വർഷങ്ങളിൽ അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

ഇ) ജെൻഡർ ബജറ്റ്

2. വാർഷിക ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അക്കൗണ്ട് കോഡ് അടിസ്ഥാനത്തിൽ തയ്യാറാക്കണ മെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സിംഗിൾ എൻട്രി സമ്പ്രദായത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.

3. 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. സ്ഥാപനത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. .

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് പഞ്ചായത്ത് മുമ്പാകെ അവതരിപ്പി ക്കേണ്ടതാണെന്നും ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2022-23സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം സ്ഥാപനം നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4. പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം 214(5). അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന്. ഓഡിറ്റ് എൻക്വയറി (നം -22/22-23, 22.08.2023) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 23816379 |
| ഓഡിറ്റ് വർഷത്തെ വരവ് | 42800860 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 36243493 |
| നീക്കിയിരിപ്പ് | 30373746 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18050337 | 18050337 | 20952512 | -2902175 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7707407 | 7707407 | 7474659 | 232748 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 7561449 | 7561449 | 1428703 | 6132746 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4752731 | 4752731 | 3294963 | 1457768 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 7751000 | 7751000 | 3314206 | 4436794 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 7795000 | 7795000 | 5004808 | 2790192 |
| CSS | 0 | 0 | 0 | 713327 | -713327 |
| SSS | 0 | 0 | 0 | 8100000 | -8100000 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ടുകളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം ചെലവിനത്തിൽ ചുവടെ ചേർത്തിരിക്കുന്ന വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം | എ.സി.ആർ പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരം ( I 6+ Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 20952512 | 15813871 | 20952512 |
| വികസന ഫണ്ട് ( എസ് സി പി) | 7474659 | 7089838 | 7474659 |
| വികസന ഫണ്ട് സി എഫ് സി റ്റൈഡ് | 1428703 | 1643884 | 1039820 |

വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 28/2022-23, 23.08.2023)നൽകിയെങ്കിലും മറുപടി നൽകിയില്ല.

2. ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് |
|---|---|---|---|---|

| | | ( മറ്റുള്ളവ ഒഴികെ) | ( മറ്റുള്ളവ ഒഴികെ) | % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 8115810 | 5303008 | 65 |
| | പട്ടിക ജാതി | 599975 | 389500 | 65 |
| സേവനം | പൊതുവിഭാഗം | 51215569 | 24566157 | 48 |
| | പട്ടിക ജാതി | 20761278 | 8698332 | 42 |
| പശ്ചാത്തലം | പൊതുവിഭാഗം | 18643541 | 8972086 | 48 |
| | പട്ടിക ജാതി | 1230000 | 1025306 | 83 |

4) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക വകയിരുത്തിയിട്ടില്ല, കൂടാതെ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ഇത്തരത്തിൽ നിയമാനുസൃതം വകയിരുത്തേണ്ട തുക വകയിരുത്താത്തതിന് കാരണം, വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം എന്നിവ ലഭ്യമാക്കണമെന്ന് താത്പര്യപ്പെടുന്നു.

| വിഭാഗം | വകയിരുത്തേണ്ട കുറഞ്ഞ തുക | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക ( മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം(%) |
|---|---|---|---|---|
| കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻ സ് ജെൻഡേഴ്സ് | 1369700 | 1175000 | 914759 | 77.9 |

5. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320300199 | Grants, Funds & Contributions For Specific Purposes - Other Government Agencies | 47469 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) -From District Panchayath | 119750 |
| 320800199 | Other Grants, Funds& Contributions For Specific Purposes - Capital | 272125 |
| 320900102 | Donations Related To Pandemic/ Epidemic Control | 47408 |

പ്രസ്തുത തുകകൾ ചെലവഴിക്കാനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

7. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 42787/- രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുക ഏതൊക്കെ പ്രവർത്തികൾക്കായി ലഭിച്ചതാണെന്നും

ആയത് ചെലവഴിക്കാത്തതിന്റെ കാരണവും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 21/22-23, 22.08.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.


## 1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഗ്രാന്റ് ലഭ്യത, ചെലവഴിച്ച തുക എന്നിവ തമ്മിലുള്ള താരതമ്യം ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങൾ ഉൾപ്പെടുത്തിയത് (സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം)


| 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ വിവിധ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ പ്രകാരം) | നീക്കിയിരിപ്പ്/ ലാപ്സ് തുക | ലാപ്സ്% |
|---|---|---|---|---|
| വികസനഫണ്ട് | 23625000 | 20952512 | 2672488 | 11.31 |
| വികസനഫണ്ട് SCP | 8494000 | 7474659 | 1019341 | 12 |
| മെയിന്റനൻസ് ഗ്രാന്റ്റോഡ് | 7751000 | 3314206 | 4436794 | 57.24 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 7795000 | 5004808 | 2790192 | 35.79 |
| ആകെ | 47665000 | 36746185 | 10918815 | |

ആകെ ലഭ്യമാകുന്ന തുക , ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)




(2)




2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

(എ)

| നിർവ്വഹണ | ആകെ | നടപ്പിലാ | നടപ്പിലാ | ആകെ | ആകെ | ചെലവ് |
|---|---|---|---|---|---|---|

| ഉദ്യോഗസ്ഥർ | ഏറ്റെടുത്ത പദ്ധതികൾ | ക്കിയവ | ക്കാത്തവ | പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 1 | 2673100 | 1695018 | 63.41 |
| വെറ്ററിനറി സർജൻ | 7 | 7 | 0 | 3649685 | 3228218 | 88.45 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 9 | 8 | 1 | 2985499 | 2603722 | 87.21 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 3 | 3 | 0 | 825000 | 824493 | 99.93 |
| വി.ഇ.ഒ | 20 | 18 | 2 | 34718714 | 10218042 | 29.43 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 10 | 2 | 4623040 | 3456233 | 74.76 |
| സെക്രട്ടറി | 40 | 25 | 15 | 17033180 | 10114493 | 59.38 |
| എച്ച്.എം. എൽ.പി.എസ് | 8 | 8 | 0 | 1777500 | 1588325 | 89.35 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 72 | 44 | 28 | 28483143 | 12694262 | 44.56 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 0 | 1997312 | 1762311 | 88.23 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 0 | 1800000 | 769272 | 42.73 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 27251293 | 20952512 | 76.88 |
| എസ്.സി.പി. | 8887297 | 7474659 | 84.10 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 14233234 | 4723666 | 33.18 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3345000 | 713327 | 21.32 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 8100000 | 0 | 0 |
| തനത് ഫണ്ട് | 9192017 | 4694474 | 51.07 |
| മറ്റ് ജില്ലാപഞ്ചായത്ത് | 7466750 | 448877 | 6.01 |
| മറ്റ് ബ്ളോക്ക് പഞ്ചായത്ത് | 3516750 | 1209246 | 34.38 |
| മെയിന്റനൻസ് റോഡ് | 8995959 | 3314206 | 36.84 |
| മെയിന്റനൻസ് നോൺ റോഡ് | 8922374 | 5004808 | 56.09 |
| മറ്റുള്ളവ | 21090017 | 3708840 | 17.58 |

3) ആസൂത്രണസമിതി പുന:സംഘടിപ്പിച്ചതിന്റെ വിവരം ആരാഞ്ഞതിന് പുനംസംഘടിപ്പിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. മിനിട്സിൽ ആയതു സംബന്ധിച്ച് രേഖപ്പെടുത്തലില്ല. പുന:സംഘടിപ്പിച്ചതിനു ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം. 4 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമല്ല.

4)സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്

ഖണ്ഡിക 3.1.2(ബി)13 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

5) ഖണ്ഡിക 3.1.2(ബി)7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി അവതരിപ്പിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്.

6) വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിൽ പ്രകാരം ലഭ്യമാക്കിയ മറുപടിയും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കൃഷി | 8-12-22 | നെൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കുക | പ്രോജക്റ്റ് ഇല്ല |
| | | 30-5-22 | ഹരിത ഭവനം പദ്ധതിക്കുള്ള പ്രോജക്റ്റ് തയ്യാറാക്കുക | പ്രോജക്റ്റ് ഉണ്ട് |
| | | 30-5-22 | തരിശു രഹിത ഗ്രാമ പഞ്ചായത്താക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക | പ്രോജക്റ്റ് ഉണ്ട് |
| 2 | സാമൂഹ്യക്ഷേമം | 30-5-22 | ബഡ്സ് സ്കൂൾ ആരംഭിക്കുക | പ്രോജക്റ്റ് ഇല്ല |
| | | 30-5-22 | പകൽ വീടിന്റെ പ്രവർത്തനം ആരംഭിക്കുക | അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് |
| | | | | |
| | | 6-1-23 | എല്ലാ അങ്കണ വാടികൾക്കും ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് | പ്രോജക്റ്റ് ഇല്ല |
| 3 | മൃഗസംരക്ഷണവും ക്ഷീരവികസനവും | 18-7-22 | ABC പ്രോഗ്രാം | ABC പ്രോഗ്രാമിന് വാഹനം വാടകക്ക് എടുക്കൽ എന്ന പ്രോജക്റ്റ് നടപ്പാക്കിയിട്ടുണ്ട്. തെരുവ് നായകൾക്ക് പേ വിഷ പ്രതിരോധ കുത്തിവയ്പ്പ് എന്ന പ്രോജക്റ്റ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| | | 30-5-22 | വെറ്ററിനറി സബ്ബ്സെന്ററിന് സ്വന്തമായി കെട്ടിടം | പ്രോജക്റ്റ് ഇല്ല |

7) സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതിന് താഴെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | കൃഷി | അതീവ ഗുരുതരം | നെൽകൃഷി വികസനം കുറഞ്ഞു വരുന്നു | പ്രോജക്റ്റ് ഇല്ല |
| 2 | ദാരിദ്ര്യ നിർമ്മാർജ്ജനം | ഗുരുതരം | ലൈഫ് ഭവന പദ്ധതി | പ്രോജക്റ്റ് ഉണ്ട് |
| 3 | സാമൂഹ്യ നീതി | ഗുരുതരം | വയോജന സുരക്ഷ, ദാരിദ്ര്യ നിർമ്മാർജ്ജനം | പ്രോജക്റ്റ് ഉണ്ട് |
| 4 | പൊതു ജനാരോഗ്യം | അതീവ ഗുരുതരം | ഖര മാലിന്യ നിർമ്മാർജ്ജനം | പ്രോജക്റ്റ് ഉണ്ട് |
| 5 | മൃഗസംരക്ഷണം | ഗുരുതരം | കന്നുകുട്ടികളുടെ രോഗം | പ്രോജക്റ്റ് ഉണ്ട് |

8) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്റ്റ് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്റ്റ് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭാമിനിട്സുകൾ പരിശോധിച്ചതിൽ അത്തരത്തിലുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല.,

9) പദ്ധതി അവലോകനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 186 | 137 | 49 | 100566173 | 48954389 | 48.67 |

10)മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കിയത് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിൽ ഓഡിറ്റ് എൻക്വയറിക്കൊപ്പം ലഭ്യമാക്കുന്നു എന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും ലഭ്യമാക്കിയില്ല.

11) മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്ത വരുത്തിയിട്ടുണ്ടോ എന്ന് ആരാഞ്ഞതിന് ഉണ്ടെന്നും വിശദാംശങ്ങൾ ലഭ്യമാക്കിയെന്നും മറുപടി നൽകിയെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

12) മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് അത്തരം പദ്ധതികൾ ഏറ്റെടുത്തിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

13) മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് അത്തരം പദ്ധതികൾ ഏറ്റെടുത്തിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

14) മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

15) സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാകുന്നതിന് എടുത്ത നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുന്നതിന് അത്തരം ഫണ്ട് ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

16) മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് , റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് രജിസ്റ്റർ കാലികമാക്കുന്ന നടപടികൾ പുരോഗമിക്കുന്നു എന്ന് അറിയിച്ചിട്ടുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 8266800 |
| 2 | വിധവ പെൻഷൻ | 15947000 |
| 3 | വാർദ്ധക്യകാല പെൻഷൻ | 29957400 |
| 4 | വികലാംഗ പെൻഷൻ | 3541000 |
| 5 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 |
| 6 | 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 390200 |

## 1-6-1 പെൻഷൻ വിതരണം സംബന്ധിച്ച അപാകങ്ങൾ

പെൻഷൻ വിതരണം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1)2022-23 സാമ്പത്തിക വർഷം പെൻഷൻ തുക നൽകേണ്ടിയിരുന്ന ചില പെൻഷൻ ഗുണഭോക്താക്കൾക്ക് തുക കൈമാറാൻ സാധിക്കാത്തതായി കാണുന്നു. തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചില്ല എന്നാണ് സേവന സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണർ ഐഡി | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | അക്കൗണ്ട് മോഡ് | സ്റ്റാറ്റസ് | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|---|---|
| 1 | 102470602083 | അംബിക | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | ബാങ്ക് അക്കൗണ്ട് | ആക്ടീവ് | December-2022 മുതലുള്ള പെൻഷൻ വിതരണം ചെയ്തിട്ടില്ല |

തുക കൈമാറാൻ സാധിക്കാത്തതിന്മേൽ എന്തെങ്കിലും അന്വേഷണം നടത്തി തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന

വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം . 48 വഴി ആവശ്യപ്പെട്ടതിന് ടി ഗുണഭോക്താവിന്റെ അക്കൗണ്ട് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പെൻഷൻ വിതരണം ചെയ്യാൻ കഴിഞ്ഞില്ലെന്നും അക്കൗണ്ട് നമ്പർ എഡിറ്റ് ചെയ്ത് പെൻഷൻ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ഡയറക്റ്റ് ടു ഹോം എന്ന നിലയിൽ പെൻഷൻ തുക കൈപ്പറ്റിയിരുന്ന ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടതിനാൽ പെൻഷൻ തുക കൈമാറാൻ സാധിച്ചില്ല എന്നു സേവന സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തൽ നടത്തിയിട്ടുണ്ടെങ്കിലും ടി വ്യക്തികളുടെ പെൻഷൻ സസ്പെൻഡ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. കൂടാതെ 'Deceased ' എന്ന് രേഖപ്പെടുത്തിയതിനു ശേഷവും പെൻഷൻ തുക സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം . 48 വഴി ആവശ്യപ്പെട്ടതിനെ തുടർന്ന് ടി ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നിരുന്നാലും പെൻഷൻ സ്റ്റാറ്റസ് സമയബന്ധിതമായി സസ്പെൻഡ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണർ ഐഡി | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | അക്കൗണ്ട് മോഡ് | സ്റ്റാറ്റസ് | ഓഡിറ്റ് നിരീക്ഷണം | സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഫണ്ട് ട്രാൻസ്ഫർ വിവരം |
|---|---|---|---|---|---|---|---|
| 1 | 102470201283 | കരുണാകരൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ഡയറക്റ്റ് റ്റു ഹോം | ആക്ടീവ് | December-2022 മുതലുള്ള പെൻഷൻ വിതരണം ചെയ്തിട്ടില്ല | 1. 2022 ഡിസംബർ മുതൽ 2023 മാർച്ച് വരെ:<br>തുക കൈമാറാൻ സാധിച്ചിട്ടില്ല- Deceased<br>2. 2023 ഏപ്രിൽ മുതൽ 2023 ജൂൺ വരെ - തുക സഹകരണബാങ്കിന് കൈമാറി |
| 2 | 102470201427 | തങ്കമണിഅമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ഡയറക്റ്റ് റ്റു ഹോം | ആക്ടീവ് | 2022 ഡിസംബർ മുതലുള്ള പെൻഷൻ വിതരണം ചെയ്തിട്ടില്ല | 1. 2022 ഡിസംബർ മുതൽ 2023മാർച്ച് വരെ:<br>തുക കൈമാറാൻ സാധിച്ചിട്ടില്ല- Deceased<br>2. 2023 ഏപ്രിൽ മുതൽ 2023 ജൂൺ വരെ - തുക സഹകരണബാങ്കിന് കൈമാറി |
| 3 | 102470201788 | ശ്രീമതിഅമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ഡയറക്റ്റ് റ്റു ഹോം | ആക്ടീവ് | 2023- ജനുവരി മുതൽ തുക കൈമാറാൻ സാധിച്ചിട്ടില്ല. | 1. 2023 ജനുവരി മുതൽ മാർച്ച് വരെ - തുക കൈമാറാൻ സാധിച്ചിട്ടില്ല Deceased<br>2. 2023 ഏപ്രിൽ മുതൽ 2023 ജൂൺ വരെ - തുക സഹകരണബാങ്കിന് കൈമാറി |
| 4 | 102470203358 | അസൂദ്ദീൻ ഉദ്ദമാൻകണ്ണ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ഡയറക്റ്റ് റ്റു ഹോം | ആക്ടീവ് | 2023- ജനുവരി മുതൽ തുക കൈമാറാൻ സാധിച്ചിട്ടില്ല. | 1. 2023 ജനുവരി മുതൽ മാർച്ച് വരെ - തുക കൈമാറാൻ സാധിച്ചിട്ടില്ല Deceased<br>2. 2023 ഏപ്രിൽ മുതൽ 2023 ജൂൺ വരെ - തുക സഹകരണബാങ്കിന് കൈമാറി |
| 5 | 102470204258 | അബ്ദുൽ റഷീദ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ഡയറക്റ്റ് റ്റു ഹോം | ആക്ടീവ് | 2022-ഒക്ടോബർ മുതൽ തുക കൈമാറാൻ സാധിച്ചിട്ടില്ല. | 1. 2022 ഒക്ടോബർ മുതൽ 2023 മാർച്ച് വരെ - തുക കൈമാറാൻ സാധിച്ചിട്ടില്ല- Deceased<br>2. 2023 ഏപ്രിൽ മുതൽ 2023 ജൂൺ വരെ - തുക സഹകരണബാങ്കിന് കൈമാറി |
| 6 | 102470204308 | രാധമണി അമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ഡയറക്റ്റ് റ്റു ഹോം | ആക്ടീവ് | 2022 ഡിസംബർ മുതലുള്ള പെൻഷൻ വിതരണം ചെയ്തിട്ടില്ല | 1. 2022 ഡിസംബർ മുതൽ 2023മാർച്ച് വരെ:<br>തുക കൈമാറാൻ സാധിച്ചിട്ടില്ല- Deceased<br>2. 2023 ഏപ്രിൽ മുതൽ 2023 ജൂൺ വരെ - തുക |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | സഹകരണബാങ്കിന് കൈമാറി |
| 7 | 102470200030 | പങ്കജാക്ഷി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ഡയറക്റ്റ് ഹോം | ആക്ടീവ് | 2023- ജനവരി മുതൽ തുക കൈമാറാൻ സാധിച്ചിട്ടില്ല. | 1. 2023 ജനവരി മുതൽ മാർച്ച് വരെ - തുക കൈമാറാൻ സാധിച്ചിട്ടില്ല Deceased<br>2. 2023 ഏപ്രിൽ മുതൽ 2023 ജ്ഞൺ വരെ - തുക സഹകരണബാങ്കിന് കൈമാറി |

Deceased എന്ന് രേഖപ്പെടുത്തിയ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും മരണശേഷം സഹകരണബാങ്കിന് കൈമാറിയ തുക തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3. 2022-23 സാമ്പത്തിക വർഷത്തെ മരണ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള രമണൻ എസ് എന്ന വ്യക്തിയുടെ അതേ പേരിലും വിലാസത്തിലുമുള്ള വ്യക്തിയ്ക്ക് നിലവിൽ പെൻഷൻ നൽകി വരുന്നു. തിരിച്ചറിയൽ രേഖകൾ മരണ രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇത് രണ്ടും വ്യത്യസ്ത വ്യക്തികളാണെന്ന് ബോധ്യപ്പെടാത്തതിനെ തുടർന്ന് പ്രസ്തുത വിവരം ഓഡിറ്റ് എൻക്വയറി നം. 48 വഴി അന്വേഷിക്കുകയും ആയതിന് രമണൻ എസ്, ആനന്ദവല്ലീശ്വരം, ചെറുവാളം, കാഞ്ചിനട (102470203221) എന്ന വ്യക്തിയുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| മരണപ്പെട്ട വ്യക്തിയുടെ പേര് | മരണപ്പെട്ട തീയതി | മരണപ്പെട്ട വ്യക്തിയുടെ വിലാസം | സമാന പേരിലും വിലാസത്തിലുമുള്ള പെൻഷൻ ഗുണഭോക്താവിന്റെ പെൻഷൻ ഐ.ഡി | പെൻഷൻ തരം | സ്റ്റാറ്റസ് | അവസാനമായി പെൻഷൻ നൽകിയിരിക്കുന്നത് | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| രമണൻ എസ് | 27-08-2022 | ആനന്ദവല്ലീശ്വരം, ചെറുവാളം കാഞ്ചിനട, കാഞ്ചിനട പി ഒ<br>തിരുവനന്തപുരം | 102470203221 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | Active | 600 രൂപ- 2023 ജൂൺ മാസത്തെ പെൻഷൻ | മസ്റ്ററിംഗ്/ ലൈഫ് സർട്ടിഫിക്കറ്റ് നാളിതുവരെ സമർപ്പിച്ചിട്ടില്ല |

ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. മുൻ സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ മരണ ശേഷവും പെൻഷൻ നൽകിയതായി കണ്ടെത്തിയ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവ് ആയി തുടരുന്നുണ്ട്. പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് നാളിതുവരെ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം .48 വഴി ആവശ്യപ്പെട്ടതിന് ടി ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്യാത്തത് സംബന്ധിച്ച് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | ഡി കുമാർ | 102470203343 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27.04.21 | ആക്ടീവ് |
| 2 | വാമദേവൻ.കെ | 102470201458 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10.05.2021 | ആക്ടീവ് |
| 3 | അർജ്ജുനനാശാരി | 102470200226 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.05.2021 | ആക്ടീവ് |

| | | | | | |
|---|---|---|---|---|---|
| 4 | ശാരദ | 102470101375 | കർഷക തൊഴിലാളി പെൻഷൻ | 25.08.2021 | ആക്ടീവ് |

ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 63/2021/ധന. തീ. 2-08-2021 ലെ നിർദ്ദേശങ്ങൾ പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണെന്നും മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മരണ രജിസ്ട്രേഷൻ സംബന്ധമായ രേഖകളിൽ തുടർ അന്വേഷണം നടത്തി അനർഹരെ സമയബന്ധിതമായി പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-08-2023 തീയതിയിൽ 4.15 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേ ബുക്ക് പ്രകാരമുള്ള കളക്ഷൻ തുകയിലും കൂടുതൽ തുക കൗണ്ടറിൽ സൂക്ഷിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Day Book പ്രകാരം 30308/- രൂപയാണ് കളക്ഷൻ തുക (ക്യാഷ് ആയി കൈപ്പറ്റിയത് മാത്രം). എന്നാൽ 30700/- രൂപയാണ് ഫ്രണ്ട് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളത്. ടി വ്യത്യാസത്തിന് വിശദീകരണം ഓഡിറ്റ് എൻക്വയറി നം. 39/23-8-2023 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കണക്കിൽപ്പെടാത്ത തുക ഫ്രണ്ട് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതിന് കൃത്യമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ശ്രദ്ധയൂന്നേണ്ട വിഷയങ്ങൾ/ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. തനത് വരുമാനം പൂർണമായി പിരിച്ചെടുത്ത് വരുമാന വർദ്ധനവുണ്ടാക്കുന്ന നടപടികളുണ്ടാകണം. തനതുവരുമാനം പിരിച്ചെടുക്കുന്നതിനുള്ള ജാഗ്രത കുറവ് നിമിത്തം പഞ്ചായത്തിനു ലഭിക്കേണ്ട വികസന ഫണ്ടിന്റെ ഗഡുവിൽ നിന്നും തുക കുറവു ചെയ്തിട്ടുണ്ട്.
2. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
3. വസ്തു നികുതി നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകം കണ്ടെത്തിയിട്ടുണ്ട്.
4. മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
5. 2004ലെ കേരള പഞ്ചായത്ത്‌രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ട പ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2023-ലെ പൗരാവകാശരേഖയുടെ പകർപ്പ് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

6. ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(കൈ) നം. 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(എ) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണമെന്നും പ്രത്യേക റിവ്യൂ മീറ്റിംഗ് നടത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
(ബി) ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
7. ILGMS മുഖേന പേയ്മെന്റ് വൗച്ചറുകൾ അംഗീകൃതമാക്കുന്നതിന് മുമ്പേ തന്നെ ചെക്ക് മുഖേന തുകകൾ നൽകുന്നു. ഇത് അക്കൗണ്ടിംഗ് റൂൾ നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ് (ഖണ്ഡിക 1-33 ൽ വിശദാംശങ്ങൾ ഉണ്ട്).

8. പഞ്ചായത്തിന്റെ Iso സർട്ടിഫിക്കേഷൻ കാലാവധി എന്നുവരെയാണെന്നതിന്റെ വിവരം ലഭ്യമാക്കിയില്ല.

9. ഓഫീസ് ഓർഡർ നം 25/12-9-22 പ്രകാരം മെയിലിൽ വരുന്ന തപാലുകൾ യഥാസമയം സെക്രട്ടറിക്കും പ്രസിഡന്റിനും കാണുന്നതിന് ലഭ്യമാകുന്നില്ല എന്നും ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന ബില്ലുകളും തപാലുകളും അതേ ദിവസം തന്നെ നമ്പറിടേണ്ടതും സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും ലോഗിനിലേക്ക് യഥാസമയം തന്നെ ലഭ്യമാക്കേണ്ടതും ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി അപാകം പരിഹരിച്ചതിന്റെ വിവരം ലഭ്യമല്ല.

10. ഓഫീസ് മീറ്റിംഗ് മിനുട്സ് പരിശോധിച്ചതിൽ 2022-23 ൽ 5 തവണ യോഗം ചേർന്നിട്ടുണ്ടെങ്കിലും ഒരു ദിവസത്തെ തീരുമാനങ്ങൾ മാത്രമെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 270 | 804582 | 804852 | 1266319* | -461467 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 67174960 | 67174960 | 67174960 | 0 |

* AFS I-14(f) പ്രകാരമുള്ള ചെലവ് 1266319/- രൂപയാണ്. ആയതിൻപ്രകാരം -461467/- രൂപ ആണ് നീക്കിയിരിപ്പ് വരേണ്ടത്. എന്നാൽ B4 ഷെഡ്യൂൾ പ്രകാരം 573/- രൂപ ആണ് നീക്കിയിരിപ്പ് ആയി കാണിച്ചിട്ടുള്ളത്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-9-1 തൊഴിലുറപ്പ് പദ്ധതി അപാകതകൾ

1. കരാറുകാരിൽ നിന്ന് സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ട നികുതികൾ ഈടാക്കിയിട്ടില്ല

2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികമുള്ള കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയതിന്റെ വിശദാംശം ലഭ്യമല്ല.

| ക്രമ നം. | പ്രവൃത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|---|
| 1 | കല്ലുവരമ്പ് വാർഡിൽ ആലംകോട് കരിക്കകം, പഴവിള മുതൽ കുമ്മൂർ ഇരപ്പുറോഡ് കോൺക്രീറ്റ് ഘട്ടം-1 | 328/21-22 | ഷംനാദ് | 407364 |
| 2 | ആലംകോട് കരിക്കകം പഴവിള മുതൽ കുമ്മൂര് ഇരപ്പ റോഡ് കോൺക്രീറ്റ് | 329/21-22 | ഷംനാദ് | 271569 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 35 ന് ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി, ഇൻകംടാക്സ് തുകകൾ അടവാക്കുന്നതിന് കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. ഭരണനിർവ്വഹണച്ചെലവുകൾക്കായി ലഭിച്ച തുക ക്യാഷ്ബുക്ക് , എം.എൻ.ആർ.ഇ.ജി.എസ് അക്കൌണ്ട് എന്നിവയിൽ വരവ് വച്ചിട്ടില്ല

സ്ഥാപനം ലഭ്യമാക്കിയ FTO സ്റ്റേറ്റ്മെന്റ് പ്രകാരം 30.8.2022 ൽ ആകെ 462040/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ക്യാഷ്ബുക്കിൽ അത്തരത്തിലൊരു വരവ് ബുക്ക് ചെയ്തിട്ടില്ല. MNREGS ന്റെ IOB അക്കൌണ്ട് നം. 036301000023588 പ്രകാരം അത്തരത്തിലൊരു വരവ് ബുക്ക് ചെയ്തിട്ടില്ല. ഭരണച്ചെലവുകൾക്കായി ലഭിച്ച തുക വരവു ചെലവുകണക്കിൽ

ഉൾപ്പെടാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 35 ന് പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്കാണ് വരവ് വച്ചതെന്നും ആയത് തനതുഫണ്ടിലേയ്ക്ക് അടയ്ക്കാനുള്ള തുകയിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

എം.എൻ.ആർ.ജി.എസിന് പ്രത്യേകം അക്കൌണ്ട് ഉണ്ടായിരിക്കെ ആയതിലേയ്ക്ക് വരവ് വയ്ക്കാതെ തനതുഫണ്ടിലേയ്ക്ക് വരവ് വയ്ക്കുകയും ക്യാഷ്ബുക്കിൽ ആയത് വരവുചെലവുകണക്കിൽ ഉൾപ്പെടാതെ വരികയും ചെയ്യുന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് മിഷൻ ഡയറക്ടറുടെ നിർദ്ദേശം പാലിച്ചില്ല

14.09.2018 ലെ 2679/EGS-C/17/REGS നം. കത്ത് പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതു പ്രകാരം കുടുംബശ്രീ സംരംഭക ഗ്രൂപ്പിനെയാണ് തൊഴിലുറപ്പ് പദ്ധതിയ്ക്കുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കേണ്ട ചുമതല ഏൽപ്പിക്കേണ്ടത്. പ്രസ്തുത ഗ്രൂപ്പുകൾക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പരിശീലനം നൽകേണ്ടതാണ്. അപ്രകാരമുള്ള കുടുംബശ്രീ സംരംഭക ഗ്രൂപ്പ് 2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 35 ന് 2022-23 വർഷം അത്തരത്തിലൊരു കുടുംബശ്രീ സംരംഭങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നില്ലായെന്നും 2023-24 സാമ്പത്തിക വർഷം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

4. മെറ്റീരിയൽ പ്രവ്യത്തികൾ മിഷൻ ഡയറക്ടറുടെ നിർദ്ദേശം പാലിച്ചില്ല

എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 17.8.2022 ലെ കത്തു പ്രകാരം SECURE Software- ൽ സിമന്റിന് ഉള്ള LMR നിരക്ക് 614/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ യഥാർത്ഥ മാർക്കറ്റ് റേറ്റ് പരമാവധി 430 /- ൽ താഴെയാണെന്നും പരാതി ലഭിച്ചതിനെ തുടർന്ന് ആലപ്പുഴ ഓംബുഡ്സമാൻ, SECURE Software – ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്ക് നൽകാൻ പാടില്ലായെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാവൂയെന്നും ഇതിനു കർശന നിർദ്ദേശം നൽകണമെന്നും നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു ആസ്തികൾക്കും വ്യകതിഗത ആസ്തികൾക്കും ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO Generate ചെയ്യാൻ പാടുള്ളൂവെന്നും 8.7.22 ലെ OMB/ALP/AW/20/2022 നം. അവാർഡിൽ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

26.07.2021 ലെ 957/E.G.S/16/REGS നം. സർക്കുലർ പ്രകാരം ആസ്തി നിർമ്മാണ പ്രവ്യത്തികളിൽ ഓരോ പ്രവ്യത്തിയ്ക്കും ആവശ്യം ഉള്ള സാധനസാമഗ്രികൾ സൈറ്റിൽ എത്തിയാലുടൻ ബന്ധപ്പെട്ട എഞ്ചിനീയർ/ ഓവർസിയർ അവ സ്റ്റാക്ക് ചെയ്യുന്നതിനും സ്റ്റാക്ക് ചെയ്ത സാധനങ്ങളുടെ അളവുകൾ കൃത്യമായി എംബുക്കിൽ രേഖപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും സ്റ്റാക്ക് ചെയ്ത സാധനങ്ങളുടെ അളവുകൾ എംബുക്കിൽ രേഖപ്പെടുത്തി കഴിഞ്ഞാൽ അവ വിതരണം ചെയ്ത വിതരണക്കാരനെ അളവുകൾ കാണിച്ച് ബോധ്യപ്പെടുത്തുകയും ടിയാന്റെ ഒപ്പ് എം.ബുക്കിൽ രേഖപ്പെടുത്തുകയും വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പ്രവ്യത്തി പൂർത്തിയായിക്കഴിഞ്ഞാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷനിലും ഗുണനിലവാരത്തിലുമുള്ള സാധനങ്ങളാണോ ഉപയോഗിച്ചിട്ടുള്ളതെന്ന് ഉറപ്പു വരുത്തിയതിനു ശേഷം ഓരോ സാധനവും എത്ര അളവിൽ ചെലവായി എന്ന വിവരം എം.ബുക്കിൽ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവ്യത്തികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | പ്രവ്യത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|---|
| 1 | കല്ലുവരമ്പ് വാർഡിൽ ആലംകോട് കരിക്കകം, പഴവിള മുതൽ കുമ്മൂർ ഇരപ്പറോഡ് കോൺക്രീറ്റ് ഘട്ടം-1 | 328/21-22 | ഷംനാദ് | 407364 |
| 2 | ആലംകോട് | 329/21-22 | ഷംനാദ് | 271569 |

| | | | | |
|---|---|---|---|---|
| | കരിക്കകം പഴവിള മുതൽ കുമ്മൂര് ഇരപ്പ റോഡ് കോൺക്രീറ്റ് | | | |

ക്രമനം. 1 പ്രകാരമുള്ള പ്രവൃത്തിയിൽ കരാറുകാരൻ ലഭ്യമാക്കിയിട്ടുള്ള മെറ്റീരിയൽ വൌച്ചർ പ്രകാരം( Invoice No. CMT/B/21/1314 11.2.2022 പ്രകാരം Chettinad Cement Bopp യുടെ നിരക്ക് ബാഗ് ഒന്നിന് 303.13 രൂപയും Ramco Cement BOPP യുടെ നിരക്ക് ഇൻവോയിസ് നം. 32/16.10.2021 പ്രകാരം 336.94 രൂപയുമാണ്. എം.ബുക്കിൽ മെറ്റീരിയിൽ എത്ര വീതം ചെലവായി എന്ന് രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള Detailed Abstract Estimate Consolidated Material List പ്രകാരം 21.60 ടൺ പോർട്ട് ലാൻഡ് സിമന്റിന് 395/- രൂപ നിരക്കിലാണ് കരാറുകാരന് നൽകിയിരിക്കുന്നത്.

ക്രമ നം. 2 പ്രകാരമുള്ള പ്രവൃത്തിയിൽ കരാറുകാരൻ ലഭ്യമാക്കിയിട്ടുള്ള മെറ്റീരിയൽ വൗച്ചർ പ്രകാരം ( ഇൻവോയിസ് നം, 701/26.3.2022) Ramco Cement BOPP യുടെ നിരക്ക് 308.59 രൂപയാണ്. കൂടാതെ എം.ബുക്കിൽ സർക്കുലർ നം. 26.07.2021 ലെ 957/E.G.S/16/REGS പ്രകാരമുള്ള മെറ്റീരിയലുകളുടെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുമില്ല. സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള Detailed Abstract Estimate Consolidated Material List പ്രകാരം 14.40 ടൺ പോർട്ട് ലാൻഡ് സിമന്റിന് 395/- രൂപ നിരക്കിലാണ് കരാറുകാരന് നൽകിയിരിക്കുന്നത്.

മേൽ പരാമർശിച്ചിട്ടുള്ള മിഷൻ ഡയറക്ടറുടെ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 37 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

5. തൊഴിലുറപ്പ് പദ്ധതിയിലെ ക്രമക്കേടുകൾ

ബഹു. തിരുവനന്തപുരം ഓംബുഡ്സ്മാന്റെ 31.07.2023 ലെ 96/2023/OBNT/MGNREGS നം നടപടിക്രമങ്ങൾ പ്രകാരം പാൽക്കുളം വാർഡിൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകളും ആൾമാറാട്ടവും സംബന്ധിച്ച പരാതിയിൻമേൽ ഉത്തരവായിട്ടുണ്ട്. പാൽക്കുളം വാർഡിൽ ഖണ്ഡിക 5 ൽ ഉൾപ്പെട്ട ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവൃത്തിയിൽ KL-14-009-009-001-006/567 നം പ്രകാരം തൊഴിൽകാർഡുടമയായ ശ്രീമതി പ്രിയയുടെ പേരിൽ ശ്രീമതി സജിത 11 ഒപ്പ് രേഖപ്പെടുത്തുകയും അത് പ്രകാരം 3421/- രൂപ ലഭിച്ചതായും മേൽത്തുക ശ്രീമതി പ്രിയയ്ക്ക് പകരം ജോലി ചെയ്ത ശ്രീമതി ഷീലയ്ക്ക് നൽകുകയും പാൽകുളം വാർഡിൽ നടന്ന തീറ്റപ്പുൽകൃഷിയിലും (LF/883457)ഖണ്ഡിക 5 ൽ ഉൾപ്പെട്ട ഭൂമിയിൽ മണ്ണ് സംരക്ഷണ പ്രവൃത്തിയിലും(LD/479339) 13 ദിവസങ്ങളിലായി ശ്രീമതി പ്രിയയുടെ പേരിൽ ശ്രീമതി സജിത ഒപ്പ് രേഖപ്പെടുത്തുകയും അതിൻ പ്രകാരം ലഭിച്ച 3579/- രൂപ ടിയാൾക്ക് പകരം ജോലി ചെയ്ത ശ്രീ. അബ്ദുൾ അസീസിന് നൽകുകയും തൊഴിൽ ചെയ്യാതെ പ്രവൃത്തികളുടെ വേതനം അക്കൌണ്ടിൽ ലഭിച്ച എന്നുള്ള ശ്രീമതി പ്രിയയുടെ പരാതിയിൻമേലാണ് മേൽ ഉത്തരവ് ഉണ്ടായിട്ടുള്ളത്, ബഹു. തിരുവനന്തപുരം ഓംബുഡ്സ്മാന്റെ 31.07.2023 ലെ വിധിയിൽ പരാമർശ വിധേയയായ മേറ്റ് ശ്രീമതി സജിതയെ ഉത്തരവ് തീയതി മുതൽ മേറ്റ സ്ഥാനത്തുനിന്ന് മാറ്റി നിർത്തുന്നതിനും ആൾമാറാട്ടം വഴി മാറിയെടുത്ത തുകയും ആയതിന് എന്നാണ് മാറിയെടുത്തത് ആയ തീയതി മുതൽ 12% പലിശ യും സഹിതം 15 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിനും ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവിൻ മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 51 ന് ലഭ്യമാക്കിയ മറുപടിയിൽ ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവ് പ്രകാരമുള്ള തുക പലിശയടക്കം ശ്രീമതി പ്രിയ അടവാക്കിയിട്ടുണ്ടെന്നും ശ്രീമതി സജിതയെ മേറ്റ് സ്ഥാനത്ത് നിന്ന് മാറ്റിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ, അതാതുകാലത്തുള്ള സർക്കാർ നിർദ്ദേശങ്ങൾ, ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവ പാലിച്ചുകൊണ്ട് തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.02.2022 മുതൽ 16.02.2022 വരെ | 01.01.2022 മുതൽ 31.01.2022 വരെ | 16.06.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.03.2016 മുതൽ 16.04.2016 വരെ | 2011-12 മുതൽ 2015-16 വരെ | 16.06.2016 |

## 1-11 തനത് വരുമാനം, സമാഹരണം സംബന്ധിച്ച നിരീക്ഷണം

കല്ലറ ഗ്രാമ പഞ്ചായത്തിലെ നികുതി- നികുതിയേതര വരവിന്റെ സമാഹരണത്തിലെ കാര്യക്ഷമതാ വിശകലനത്തിനായി ഗ്രാമ പഞ്ചായത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവസ്ഥാ വിശകലനം ചുവടെ ചേർക്കുന്നു.

| A | തനത് വരുമാനം | | | |
|---|---|---|---|---|
| ക്രമനം. | വിഷയം | തദ്ദേശസ്ഥാപനത്തിന്റെ മറുപടി | | ഓഡിറ്ററുടെ നിരീക്ഷണം |
| 1 | A.സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുക.<br>B.കണ്ടെത്തിയ സ്രോതസ്സുകൾ ബജറ്റിൽ ഉൾപ്പെടുത്തുകയും സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക. | എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു | | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പ്രകാരം പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് ക്രിയാത്മകമായ ഇടപെടൽ നടത്തി അധികമായി കണ്ടെത്തുന്ന തുക പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്. |
| 2 | തനതുവരുമാനങ്ങൾ (നിലവിൽ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്) പിരിച്ചെടുക്കാൻ ധനകാര്യസ്റ്റാൻഡിംഗ് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. | ഊർജ്ജിത നികുതി പിരിവ് ക്യാമ്പ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡിമാന്റ് നോട്ടീസ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് | | വസ്തു നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും മറ്റ് നികുതി - നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിന് അർഹിക്കുന്ന പ്രാധാന്യം നൽകുന്നില്ല. |
| 3 | തനത് വരുമാനമായി ലഭിക്കുന്ന ഇനങ്ങളിൽ മാർച്ച് 31-ന് ലഭിക്കേണ്ട കുടിശ്ശികയായ തുകയുടെ വിവരം ഇനം, വർഷം തിരിച്ച് ലഭ്യമാക്കേണ്ടതാണ്. | ഇനം | വർഷം | |
| | | വസ്തുനികുതി 336987 | 2022-23 | പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>ഗ്രാമ പഞ്ചായത്തിന്റെ 31-3-2023 പ്രകാരമുള്ള ബാലൻസ്ഷീറ്റിലെ B-15 Sundry Debtors (Receivables) എന്ന ഹെഡിൽ 4,332,902 രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്ന തുകയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ Receivables Of Redemption എന്ന ഇനത്തിലെ തുകയായ 1,990,758/- രൂപ കഴിച്ച് ബാക്കി 2342144/- രൂപയിൽ നാളിതുവരെ എത്ര രൂപ പിരിച്ചെടുത്തിട്ടുണ്ടെന്ന വിവരവും ലഭ്യമാക്കിയിട്ടില്ല. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക അടിയന്തിരമായി പിരിച്ചെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 4 | 1-4-2023-ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക | ഇല്ല | | വസ്തു നികുതി പരിഷ്കരണം അടിയന്തിരമായി നടപ്പിലാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 5 | നികുതി,നികുതിയേതര വരവുകളുടെ ഡിമാൻഡ് ,പിരിവ് പുരോഗതി ധനകാര്യസ്റ്റാൻഡിംഗ്കമ്മിറ്റി വിലയിരുത്തിയ യോഗങ്ങളുടെ തിയതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുക? | കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. എല്ലാ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും നികുതി നികുതിയേതര വരവ് സംബന്ധിച്ച് ചർച്ച ചെയ്യാറുണ്ട് | | പൂർണ്ണമായ വിവരം ലഭ്യമാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പ്രകാരം ആകെ വരവ്, ആകെ ചെലവ് എന്നിവ കമ്മിറ്റിയിൽ വിലയിരുത്തിയിട്ടുണ്ടെങ്കിലും വസ്തു നികുതി |

| | | | |
|---|---|---|---|
| | | | പിരിച്ചെടുക്കുന്നതിന് നൽകുന്ന പ്രാധാന്യം മറ്റ് നികുതി -നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിന് നൽകുന്നതായി കാണുന്നില്ല. എല്ലാ വരുമാന സ്രോതസ്സുകൾക്കും തുല്യ പ്രാധാന്യം നൽകി മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. |
| 6 | തനത് വരവ് രജിസ്റ്ററുകൾ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച തിയതികൾ ഏതെല്ലാം. | എല്ലാ മാസത്തെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളും പരിശോധിക്കാറുണ്ട്. | പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ കമ്മിറ്റിയിൽ അവതരിപ്പിക്കുന്നുണ്ടെങ്കിലും രജിസ്റ്ററുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് നികുതി - നികുതിയേതര വരുമാനത്തിന്റെ അവലോകനം നടത്തേണ്ടതാണ്. |
| B. വസ്തുനികുതി.(വാസ/വാസേതര കെട്ടിട നികുതികൾ ഉൾപ്പടെ) | | | |
| 1 | ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ് ,ILGMS (വാർഷികധനകാര്യപത്രിക) വരവ്,സഞ്ചയ പ്രകാരമുള്ള വരവ് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ടോ.? ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുക | (മറുപടി ലഭ്യമാക്കിയിട്ടില്ല) | ബജറ്റിലെ പ്രതീക്ഷിത വരവ്, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ്, സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വരവ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിന് കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |
| 2 | 1-4-2023-ലെ പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ നടപ്പിക്കിയിട്ടുണ്ടോ.? ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കുക? | ഇല്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 11-08-2023 ലെ യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട് | തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. |
| 3 | 1-4-2022-ലെ ആകെ കെട്ടിട നികുതി ഡിമാൻഡ് എത്രയായിരുന്നുവെന്നും പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിലായപ്പോഴുള്ള ഡിമാൻഡ് എത്രയായിരുന്നെന്നും വ്യക്തമാക്കുക? | മറുപടി ലഭ്യമാക്കിയിട്ടില്ല | കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്. |
| 4 | സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ തിയതി,തീരുമാനം നമ്പർ. | ഇല്ല | നികുതി പരിഷ്കരണം അടിയന്തിരമായി നടപ്പാക്കി അറിയിക്കേണ്ടതാണ്. |
| 5 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ച് ഡാറ്റാ ലോക്ക് ചെയ്തിട്ടുണ്ടോ.? | ഉണ്ട് | |
| 6 | തദ്ദേശസ്ഥാപനം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും ചട്ടങ്ങൾ ) ചട്ടം 7 പ്രകാരം മേഖലാ വിഭജനം നടത്തി വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ തിയതി ,തീരുമാന നമ്പർ. | പൂർത്തീകരിച്ചു | മറുപടി പൂർണ്ണമല്ല. കൂടാതെ മറുപടിയെ സാധൂകരിക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല. കൃത്യമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. |
| 7 | റോഡ് മാപ്പ് പ്രസിദ്ധീകരിച്ചതിന്റെയും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ടാക്സ് നിർണയിക്കുന്നതിന്റെ നടപടിക്രമങ്ങൾ സ്വീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കുക | 11-08-2023 ലെ കമ്മിറ്റിയിൽ തീരുമാനം എടുത്തിട്ടുണ്ട് | വിശദമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| 8 | തദ്ദേശസ്ഥാപനത്തിന്റെ അനുമതിയില്ലാതെയും,അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന കെട്ടിടങ്ങളുടെ നികുതി ചോർച്ച കണ്ടെത്തിയ ഫീൽഡ് തല അന്വേഷണവിവരങ്ങൾ. | ഫീൽഡ് തല അന്വേഷണം നടത്തി വരുന്നു | ഫീൽഡ് തല അന്വേഷണം നടത്തി വരുന്നതായി അറിയിച്ചിട്ടുണ്ടെങ്കിലും ആയത് സാധൂകരിക്കുന്ന യാതൊരു വിധ രേഖകളും ലഭ്യമാക്കിയിട്ടില്ല. ഫീൽഡ് തല അന്വേഷണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. |
| 9 | എല്ലാ വാണിജ്യാവശ്യകെട്ടിടങ്ങൾക്കും സർക്കാർ വിജ്ഞാപനപ്രകാരമുള്ള നികുതി ചുമത്തിയിട്ടുണ്ടോ.? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുക? | തീരുമാനം എടുത്തിട്ടുണ്ട് | വിശദാംശം ലഭ്യമാക്കേണ്ടതാണ്. |
| 10 | A.അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ യഥാവിധി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത് ഹാജരാക്കുക.<br>B.അപ്രകാരമുള്ള കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കുന്നുണ്ടോ.? വിശദാംശങ്ങൾ ലഭ്യമാക്കുക (തൻവർഷം) | രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട് ഉണ്ട് | രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| 11 | തദ്ദേശ സ്ഥാപന പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും 02.02.2022 ലെ RD3/94/2020/ത.സ്വ.ഭ.വ സർക്കുലർ പ്രകാരമുള്ള നികുതി കുടിശ്ശികയില്ലാതെ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ.?<br>കുടിശ്ശികയുണ്ടെങ്കിൽ ആയത് പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ. | (മറുപടി ലഭ്യമാക്കിയിട്ടില്ല) | കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്. |
| 12 | തദ്ദേശ സ്ഥാപനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവനഉപനികുതി (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 26 പ്രകാരം ചുമത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക? പ്രസ്തുത നികുതിയിനത്തിൽ കുടിശ്ശികയില്ല എന്ന് ഉറപ്പ് വരുത്താറുണ്ടോ? വിശദാംശങ്ങൾ ലഭ്യമാക്കുക? | (മറുപടി ലഭ്യമാക്കിയിട്ടില്ല) | കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്. |
| 13 | കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 31 പ്രകാരം വസ്തുനികുതിയിന്മേൽ സർചാർജ് ചുമത്തേണ്ട സാഹചര്യം നിലവിലുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക | (മറുപടി ലഭ്യമാക്കിയിട്ടില്ല) | കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്. |
| 14 | നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടോ.? | ഉണ്ട് | വിമുക്തഭടന്മാർക്ക് നികുതി ഇളവ് നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നികുതി ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. |
| 15 | A.തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ടോ?<br>B.കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് (കേരള പഞ്ചായത്ത് രാജ് സേവനഉപനികുതിയും സർചാർജ് ചട്ടങ്ങൾ ചട്ടം 30 പ്രകാരം )ഈടാക്കുന്നുണ്ടോ.? വിശദാംശങ്ങൾ ലഭ്യമാക്കുക | ഉണ്ട് | പൂർണ്ണമായ മറുപടി അനുബന്ധ രേഖൾ സഹിതം ലഭ്യമാക്കേണ്ടതാണ്. |
| 16 | പുതിയ സേവനനികുതി മാർഗ്ഗങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ? | ഉണ്ട് | വിശദാംശം ലഭ്യമാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| 17 | ILGMS-ൽ ക്യാൻസൽ ചെയ്ത എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്തതായി ഉറപ്പുവരുത്തിട്ടുണ്ടോ.? | ഉണ്ട് | |
| 18 | എല്ലാ മാനവൽ രസീതുകളും സഞ്ചയയിൽ രേഖപ്പെടുത്തിയതായി സെക്രട്ടറി ഉറപ്പുവരുത്തിയിട്ടുണ്ടോ.? | ഉണ്ട് | |
| 19 | തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും ഓരോ വർഷവും സെക്രട്ടറിയോ ,സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ.? | ഉണ്ട് | ഫീൽഡ് തല അന്വേഷണം നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. |
| C. | തൊഴിൽ നികുതി | | |
| 1. | തദ്ദേശസ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ,അർദ്ധ സർക്കാർ,പൊതുമേഖല സ്ഥാപനങ്ങൾ ,മറ്റ് സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ.? | അതെ | തൊഴിൽ നികുതി രജിസ്റ്റർ പരിപാലിച്ച് വരുന്നുണ്ടെങ്കിലും ആയത് വാർഡ് അടിസ്ഥാനത്തിൽ അല്ല തയ്യാറാക്കിയിരിക്കുന്നത് |
| 2 | അപ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി,(സ്ഥാപന തൊഴിൽ നികുതി ഉൾപ്പടെ) ഡിമാൻഡ് ചെയ്തുകൊണ്ടുള്ള ഡിമാൻഡ് നോട്ടീസുകൾ സമയബന്ധിതമായി നൽകിയിട്ടുണ്ടോ.? | ഉണ്ട് | പ്രത്യേക പരാമർശമില്ല |
| 3 | A.തൻവർഷം തൊഴിൽ നികുതിയിൽ കുടിശ്ശിക ലഭ്യമാകാനുണ്ടോ.?<br>B.ഉണ്ടെങ്കിൽ തുക എത്ര.? | ഇല്ല | |
| 4 | A.സ്വകാര്യ സ്ഥാപനങ്ങൾ,അഭിഭാഷകർ,സ്വകാര്യ ഡോക്ടർമാർ പ്രൊഫഷണലുകൾ,ഹെവി വാഹന ഉടമകൾ,റേഷൻ വ്യാപാരികൾ,സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുക<br>(B) മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ച കരാറുകാർ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുക.<br>C) ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ? | ലഭ്യമാക്കിയിട്ടില്ല. | A.ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ , സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ പേരുടെയും ഡേറ്റാബേസ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.<br>B. 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തുമായി വിവിധ കരാറുകളിൽ ഏർപ്പെട്ട് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ള കരാറുകാരുടെ പട്ടിക ലഭ്യമാക്കാനും ടി വ്യക്തികളിൽ നിന്നും |

| | | | |
|---|---|---|---|
| | | | തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറി നം. 57 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്നും നികുതി ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. C.2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 57 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019 ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 5 | തൊഴിൽ നികുതി പത്രികയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടോ.? | ഉണ്ട് | പ്രത്യേക പരാമർശമില്ല |
| 6. | വ്യാപാര സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നുണ്ടോ.? | അതെ | പ്രത്യേക പരാമർശമില്ല |
| 7 | വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലെയും തൊഴിൽ നികുതി ഡിമാൻഡ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ.? | ഉണ്ട് | പ്രത്യേക പരാമർശമില്ല |
| 8 | തൊഴിൽ നികുതി കുടിശ്ശികയുണ്ടെങ്കിൽ ഈടാക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി സ്വീകരിച്ച നടപടികൾ | കടിശ്ശിക ഇല്ല | പ്രത്യേക പരാമർശമില്ല |
| 9 | വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടോ.? | തയ്യാറാക്കിയിട്ടുണ്ട് | പ്രത്യേക പരാമർശമില്ല |
| D. | വിനോദ നികുതി | | |
| 1 | തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സിനിമാ തിയേറ്ററുകളുടെ വിവരം ലഭ്യമാക്കുക. | സിനിമ തിയേറ്റർ ഇല്ല | പ്രത്യേക പരാമർശമില്ല |
| 2 | അമ്യൂസ്മെന്റ് പാർക്ക്,ടർഫ് കോർട്ട്,ഇൻഡോർ ക്ലബ് ./സ്റ്റേഡിയം,നീന്തൽക്കുളങ്ങൾ,കേബിൾ ,ടി.വി നെറ്റ് വർക്ക്, ഹൗസ് ബോട്ടുകൾ,പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യസ്റ്റൻഡിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ ശുപാർശ ചെയ്തിട്ടുണ്ടോ.? | ഇല്ല | വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാവുന്ന വരുമാനം സംബന്ധിച്ച് ഭരണസമിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ ഉത്തരവിലൂടെ വരുമാന വർധനവ് നേടാവുന്നതാണ്. |

| | | | |
|---|---|---|---|
| | വിശദാംശങ്ങൾ ലഭ്യമാക്കുക | | |
| E | നികുതിയേതര വരവുകൾ | | |
| 1 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടോ.? | ഉണ്ട് | |
| 2 | കുളങ്ങൾ,മാർക്കറ്റുകൾ,ഫലവൃക്ഷങ്ങൾ എന്നിവ കൃത്യസമയത്ത് ലേലം ചെയ്ത് നൽകി മുഴുവൻ തുകയും വരവായി സ്വീകരിച്ചിട്ടുണ്ടോ? | ഉണ്ട് | |

## 1-12 തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 236250/- രൂപ നഷ്ടമായി

ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് ജി.ഒ(എം.എസ്)നം. 179/2022/ഫിൻ തീ. 18/10/2022 പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് 2022-23 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ. (സാധാ) നം. 1049/2023/ ധന തീ. 13-02-2023 പ്രകാരം ലഭ്യമാക്കിയതിൽ കല്ലറ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 236250 രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 2 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തനത് സാമ്പത്തിക വർഷത്തെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കിയിട്ടില്ല. പ്രതീക്ഷിത വരവും യഥാർത്ഥ വരുമാനവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി സജീവ ഇടപെടൽ നടത്തേണ്ടതാണ്. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ തനത് വരുമാനത്തിന്റെ വർധനവ് ഉറപ്പ് വരുത്തുക ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. നികുതി -നികുതിയേതര വരുമാനം ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും, വരുമാന വർധനവിന് ക്രിയാത്മകമായ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും വരും വർഷങ്ങളിൽ പ്രാധാന്യം നൽകേണ്ടതാണ്.

## 1-13 ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് പ്രകാരം 2342144 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

കല്ലറ ഗ്രാമ പഞ്ചായത്തിന്റെ 31-03-2023 ലെ ബാലൻസ്ഷീറ്റ് B-15 Sundry Debtors (Receivables) എന്ന ഹെഡിൽ 4,332,902/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്ന തുകയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ Receivables Of Redemption എന്ന ഇനത്തിലെ തുകയായ 1,990,758/- രൂപ കഴിച്ച് ബാക്കി 2342144/- രൂപ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 2 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന മുഴുവൻ തുകയും ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല

സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് 1-6-2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. കല്ലറ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത നിർദ്ദേശ പ്രകാരം രജിസ്റ്റർ തയ്യാറാക്കി പരിപാലിച്ചിട്ടില്ല.

ടി ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങൾ ഇപ്രകാരമാണ്.

- എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്
- നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണ്.
- പ്രാദേശിക സർക്കാരുകളുടെ വായ്പയെ സംബന്ധിച്ച ഡി.സി.ബി പത്രിക തയ്യാറാക്കുകയും ഭരണ സമിതി യോഗത്തിലും ഗ്രാമസഭകളിലും വാർഡ് കമ്മിറ്റികളിലും അവലോകനം നടത്തേണ്ടതുമാണ്.

പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 2 വഴി

ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കേരള പഞ്ചായത്ത്‌രാജ് നിയമം 1994 വകുപ്പ് 243 (1) പ്രകാരം കിട്ടാനുള്ള നികുതി, മറ്റ് വരവുകൾ പിരിച്ചെടുക്കുന്നതിനുള്ള കാലയളവ് 3 വർഷമാണ്. ടി കാലയളവിനുള്ളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാത്ത പക്ഷം പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകുമെന്നതിനാൽ തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ അടിയന്തിര പ്രാധാന്യം നൽകി തയ്യാറാക്കി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതാണ്.

## 1-15 വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

കല്ലറ ഗ്രാമ പഞ്ചായത്തിൽ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1. മൊബൈൽ ഫോൺ ടവറിന്റെ നികുതി ഈടാക്കി അറിയിക്കേണ്ടതാണ് .

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറിൽ നിന്നും 2019 മുതൽ വസ്തു നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. . നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 56 ന് മറുപടി ലഭ്യമാക്കിയിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു

| ബിൽഡിംഗ് ഐ.ഡി | കെട്ടിട നം. | ഉടമസ്ഥൻ | 2022 വരെയുള്ള കുടിശ്ശിക | റിമാർക്ക്സ് |
|---|---|---|---|---|
| 50247010011451 | 7/26/A | Vodafone Essar Cellular Ltd | 18900 | 2019 മുതലുള്ള നികുതി അടവാക്കാൻ അവശേഷിക്കുന്നു. (4725x4= 18900) |

മേൽ മൊബൈൽ ടവറിന്റെ നികുതി ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

2. വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിപാലിക്കുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം പലപ്പോഴായി 100 ലധികം വിമുക്തഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് നികുതി ഇളവ് നൽകുന്നതിന് തീരുമാനമെടുത്തതായി കാണുന്നു. ഇത്തരത്തിൽ നികുതി ഇളവ് നൽകുന്നതിന്റെ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 56 വഴി ആവശ്യപ്പെട്ടെങ്കിലും രജിസ്റ്റർ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം കെട്ടിട നികുതിയിളവിന് അർഹരായ വിമുക്തഭടന്മാർക്ക്/ വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക് / വിധവകൾക്ക് നികുതി സംബന്ധമായി ഒരു പ്രത്യേക രജിസ്റ്റർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണെന്നും കെട്ടിട നികുതി ഇളവ് അനുവദിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് എന്തെങ്കിലും മാറ്റം വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ യഥാസമയം ഗുണഭോക്താക്കൾ അറിയിക്കേണ്ടതും പ്രസ്തുത വിവരം ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ അനുയോജ്യമായ കോളത്തിൽ / പേജിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാത്തതിന് കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

3. ധനകാര്യ പത്രിക പ്രകാരം വസ്തു നികുതിയിനത്തിൽ 314341/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ 314341/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. നാളിതുവരെ ഇതിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 56 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഹെഡ് | തുക |
|---|---|---|
| 431100101 | Receivables For Property<br>Tax On Residential Buildings(Current) | 80767 |
| 431100102 | Receivables For Property<br>Tax On Residential Buildings (Arrears) | 38917 |
| 431100103 | Receivables For Property | 159940 |

| | | |
|---|---|---|
| | Tax On Non-Residential Buildings (Current) | |
| 431100104 | Receivables For Property<br>Tax On Non-Residential Buildings (Arrears) | 34717 |
| | ആകെ | 314341 |

പിരിച്ചെടുക്കാൻ അവശേഷിക്കുന്ന മുഴുവൻ തുകയും അടിയന്തിരമായി പിരിച്ചെടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ബജറ്റിലെ പ്രതീക്ഷിത വരുമാനവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

ബജറ്റ് പ്രകാരം 6000000 രൂപയാണ് 2022-23 സാമ്പത്തിക വർഷം വസ്തു നികുതി ഇനത്തിലെ പ്രതീക്ഷിത വരുമാനം. ഇതിൽ 4805297 രൂപയാണ് 2022-23 സാമ്പത്തിക വർഷം ലഭിച്ച തുക (അഡ്വാൻസ് പേയ്മെന്റ് ഒഴികെയുള്ള തുക). ബജറ്റിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 56 വഴി ആവശ്യപ്പെട്ടെങ്കിലും വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ ആകെ വരവ് വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നമില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ഹെഡ് കോഡ് | ഹെഡ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് തുക | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വരവ് തുക |
|---|---|---|---|
| 431100101 | Receivables For Property<br>Tax On Residential Buildings(Current) | 1512312 | |
| 431100103 | Receivables For Property<br>Tax On Non-Residential Buildings (Current) | 2444048 | |
| ആകെ | | 3956360 | 4176941 [3975333 (BT)+201608 (LC)] |
| 431100102 | Receivables For Property<br>Tax On Residential Buildings (Arrears) | 338276 | |
| 431100104 | Receivables For Property<br>Tax On Non-Residential Buildings (Arrears) | 510661 | |
| ആകെ | | 848937 | 992592 [944608+47984 (LC)] |
| ആകെ | | 4805297 (3956360+ 848937) | |

* അഡ്വാൻസ് കളക്ഷൻ- 359

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വരവ് തുകയും ധനകാര്യ പത്രിക പ്രകാരമുള്ള വരവ് തുകയും തമ്മിലുള്ള വ്യത്യാസത്തിന് കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ബജറ്റിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല .

2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ചൂണ്ടികാണിച്ചിട്ടുള്ള അപാകങ്ങൾ പൂർണ്ണമായി പരിഹരിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. (2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. 1-16-1 മുതൽ 1-16-5 വരെ). പ്രസ്തുത റിപ്പോർട്ടിൽ ഉടൻ പരിഹരിക്കാൻ

ആവശ്യപ്പെട്ട് ഉൾപ്പെടുത്തിയിട്ടുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A. സ.ഉ.(എം.എസ്) നം. 358/15/തസ്വഭവ., തീയതി 16.12.2015 പ്രകാരം 60 ച.മീ. (660 ച.അടി) യിൽ താഴെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കാവുന്നതാണ്. എന്നാൽ വിമുക്ത ഭടൻമാരുടേതല്ലാത്ത 60ച.മീ വിസ്തീർണ്ണത്തിൽ അധികമുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്.

B. ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. മുകളിൽ വിസ്തീർണ്ണമുള്ള ചില കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തിയത് കാരണം ടി കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയത്തിൽ കുറവ് വന്നിട്ടുണ്ട്.

C. ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലാ നിർണ്ണയം നടത്തിയിട്ടുണ്ട്

D. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 56 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ ഉടൻ പരിഹരിച്ച് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നികുതി ഇളവ് നൽകി

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കിയിട്ടുണ്ട്. കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽഡിംഗ് ഐ.ഡി | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | വിലാസം |
|---|---|---|---|---|
| 1 | 50247010012439 | 7/453B | പുഷ്പകുമാരി | ജിൽജാ ഭവൻ,കെ.റ്റി.കുന്ന്, കൊടിളുക്കിയകുന്ന് പി ഒ,695608, |
| | 50247010011230 | 7/453A | | |
| 2 | 50247010010516 | 3/275 A | പുഷ്പലത | ചരുവിള പുത്തൻവീട്,വെള്ളംകടി,കല്ലറ പി ഒ,695608 |
| | 50247010011201 | 3/276 A | | |
| 3 | 50247010011640 | 4/273A | അബ്ദുൽ റഹിം, സമീനാ ബീവി | തോപ്പുവിള വീട്,കോട്ടൂർ,കല്ലറ പി ഒ,695608 |
| | 50247010012521 | 4/273B | | |
| 4 | 50247010012410 | 5/429 C | സരളാദേവി | അജിത വിലാസം,കുറുമ്പയം,കുറുമ്പയം പി ഒ,695608 |
| | 50247010012435 | 5/429 D | | |
| 5 | 50247010011273 | 5/497 A | പ്രേമശീലൻ | വൃന്ദഭവൻ, കുറുമ്പയം, കുറുമ്പയം പി ഒ,695608 |
| | 50247010012275 | 5/ 497 B | | |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹരെ വസ്തു നികുതി ഇളവിന് അർഹരായവരുടെ പട്ടികയിൽ നിന്നും അടിയന്തിരമായി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്

സർക്കുലർ നം. RB3/178/2020/lsgd Dated 20.6.2022 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ, വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളായാലും അവയ്ക്ക് കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തി ഉപയാഗിക്കുക , അതുവഴി പാർക്കിംഗ് ഏരിയ , റോഡിൽ നിന്നുള്ള അകലം എന്നിവ ഇല്ലാതാക്കുക തുടങ്ങിയ ക്രമവിരുദ്ധമായ നടപടികൾ തദ്ദേശഭരണസെക്രട്ടറിമാർ കർശനമായി നിരീക്ഷിക്കണമെന്നും അതോടൊപ്പം അപ്രകാരമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും അഥവാ ഇത്തരത്തിലുള്ള നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് പൊളിച്ചു നീക്കുന്നതിനുള്ള സത്വരനടപടിൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും തുടർ നടപടി വിവരവും ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 34 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഉത്തരവിന് മേൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വിനോദ സഞ്ചാര മേഖലയിൽ ഗ്രാമപഞ്ചായത്തിന്റ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സ.ഉ.(കൈ) നം. 84/2022/ ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്നുള്ള ' ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കാനുള്ള പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 2 വഴി ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. സർക്കാർ ഉത്തരവ് അനുസരിച്ച് വിനോദ സഞ്ചാര മേഖലയിൽ ഗ്രാമപഞ്ചായത്തിന്റ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും ഇത്തരം ടൂറിസം കേന്ദ്രങ്ങളിൽ നിന്നുള്ള വരുമാനം തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 ഗുഡ് ഇംഗ്ലീഷ് - 137500/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | S0080/23 (സ്പിൽ ഓവർ) |
| പ്രോജക്റ്റിന്റെ പേര് | ഗുഡ് ഇംഗ്ലീഷ് |
| നിർവഹണം | ഹെഡ് മാസ്റ്റർ |
| അടങ്കൽ | 137500 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 137500 (വികസനഫണ്ട് ജനറൽ) |
| ബിൽ നമ്പർ/ തീയതി/തുക | 43/08.07.2022 - 137500 |

ഇംഗ്ലീഷ് ഭാഷയിലെ നിപുണത വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടപ്പിലാക്കുന്ന ഗുഡ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സിൽ കല്ലറ ഗ്രാമ പഞ്ചായത്ത് തൻ വർഷത്തിൽ 55 പഠിതാക്കൾക്ക് 2500/- രൂപ വീതം 137500/- രൂപ ജില്ലാ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. കുട്ടികൾക്ക് ക്ലാസ്സ് നൽകിയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 52/2022-23, 23.08.2023 ന് ഹാജർ പുസ്തകം സാക്ഷരതാ പ്രേരക്കിന്റെ കൈവശമാണെന്നറിയിച്ചു. ആയത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൂടാതെ ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും 137500/- രൂപയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. അതിനാൽ ഗുഡ് ഇംഗ്ലീഷ് പദ്ധതിയുടെ ചെലവ് തുകയായ 137500/- രൂപ തടസ്സപ്പെടുത്തുന്നു. വിദ്യാർത്ഥികളുടെ ഹാജർപുസ്തകം വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-18 ലൈബ്രറിക്ക് പുസ്തകം വാങ്ങൽ ക്വട്ടേഷൻ ക്ഷണിച്ചില്ല- 150000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | S00140/23 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ലൈബ്രറിക്ക് പുസ്തകം വാങ്ങൽ |
| നിർവഹണം | ഹെഡ് മാസ്റ്റർ |
| അടങ്കൽ | 200000( മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 200000 |
| ബിൽ നമ്പർ / തീയതി/ തുക | 377/26.03.2023 - 200000 |

ഗ്രാമപഞ്ചായത്തിലെ കല്ലറ, മുതുവിള ലൈബ്രറികൾക്ക് പുസ്തകം വാങ്ങുന്നതിനായാണ് പ്രോജക്ട് വെച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ നിന്നും വാങ്ങുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്.

എന്നാൽ ട്രഷറി ബില്ലുകൾ പ്രകാരം

1. Desabhimani Book House – 21320/-

2. Kerala State Book Mark - 50000/-

3. Poorna Publications - 31878/-

4. Current Books India Pvt Ltd – 85635/-

5.TBS Publishers Distributors- 11167/-

എന്നിവർക്ക് തുക നൽകിയിട്ടുണ്ട്. ലൈബ്രറി പുസ്തകം വാങ്ങുന്നതിനായി മേൽ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 52/2022-23, 23.08.2023 ന് സർക്കാർ സ്ഥാപനമായ ബുക്ക് മാർക്കിൽ നിന്നും പുസ്തകങ്ങൾ വാങ്ങുന്നതിന് ഉത്തരവുള്ളതിനാൽ പ്രത്യേക ക്വട്ടേഷൻ ക്ഷണിച്ചിരുന്നില്ല എന്നും ബുക്ക് മാർക്കിൽ നിന്നും ലഭ്യമാകാതിരുന്ന പുസ്തകങ്ങളാണ് മറ്റ് പ്രസാധകരിൽ നിന്നും വാങ്ങിയതെന്നും മറുപടി നൽകി. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ആവശ്യമായ പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കി ബുക്ക് മാർക്കിലെ ലഭ്യത പരിശോധിച്ച് പുസ്തകം വാങ്ങാത്തതിനാലാണ് ഇത്തരം അപാകത സംഭവിച്ചിട്ടുള്ളത്. കല്ലറ, മുതുവിള എന്നീ ലൈബ്രറികളിലെ ലൈബ്രേറിയൻമാർ നേരിട്ടാണ് പുസ്തകം തെരഞ്ഞെടുത്തിട്ടുള്ളത്. ആവശ്യമായ പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കിയിരുന്നില്ല. ലൈബ്രറികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വാങ്ങിയ പുസ്തകങ്ങളുടെ വിശദാംശം ചേർത്തിട്ടുണ്ടെങ്കിലും ബിൽ വിവരം രേഖപ്പെടുത്താതിനാൽ മുഴുവൻ തുകയ്ക്കുള്ള പുസ്തകങ്ങളും സ്റ്റോക്കിലെടുത്തോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ക്വട്ടേഷൻ മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ നടത്തിയ വാങ്ങൽ ആയതിനാൽ 150000/- രൂപ തടസ്സപ്പെടുത്തുന്നു. ഭരണസമിതി തീരുമാനം, സർക്കാർ സാധൂകരണം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-19 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - നടത്തിപ്പിലെ അപാകങ്ങൾ - 99998/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | S00137/23 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം |
| നിർവഹണം | ഹെഡ് മാസ്റ്റർ |
| അടങ്കൽ | 300000 (വികസന ഫണ്ട് എസ് സി പി) |
| ചെലവ് | 299996 (വികസന ഫണ്ട് എസ് സി പി) |
| ബിൽ നമ്പർ/ തീയതി/ തുക | 263/23.02.2023 - 299996 |

ഗ്രാമ പഞ്ചായത്തിലെ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മേശയും കസേരയും വാങ്ങി നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. സിഡ്കോയിൽ നിന്നുമാണ് ഫർണിച്ചർ വാങ്ങിയിട്ടുള്ളത്. മേൽ പ്രോജക്ട് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകം ചുവടെ ചേർക്കുന്നു.

സിഡ്കോയുടെ ടാക്സ് ഇൻവോയ്സ് നമ്പർ 304/2022-23, 10.02.2023 പ്രകാരം 60 സെറ്റ് ഫർണിച്ചർ വാങ്ങിയിട്ടുണ്ട് .

സ്റ്റോക്ക് ആൻഡ് ഇഷ്യൂ രജിസ്റ്റർ പ്രകാരം 40 കുട്ടികളുടെ പേര് വിവരം രേഖപ്പെടുത്തിയാണ് ഫർണിച്ചർ വിതരണം ചെയ്തിട്ടുള്ളത്. സിഡ്കോയിൽ നിന്ന് ലഭിച്ച സ്റ്റോക്കിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 60 സെറ്റ് ഫർണിച്ചർ വാങ്ങിയതിൽ 40 എണ്ണം മാത്രം വിതരണം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 44/2022-23, 23.08.2023)യുടെ മറുപടിയിൽ പഞ്ചായത്തിൽ നിന്ന് ലഭിച്ച അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണ് 60 പേർക്ക് ഫർണിച്ചറിന് ഓർഡർ ചെയ്തതെന്നും എന്നാൽ 40 കുട്ടികൾ മാത്രമേ ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സിൽ പഠിക്കുന്നവർ ഉള്ളൂവെന്നും മറുപടി നൽകി. ഗുണഭോക്തൃ പട്ടികയിൽ നിന്നും യോഗ്യരായവരെ കണ്ടെത്തി അപേക്ഷ വാങ്ങിയതിനു ശേഷം വാങ്ങൽ നടത്തിയിരുന്നുവെങ്കിൽ ഇത്തരം അപാകത സംഭവിക്കില്ലായിരുന്നു. പുതിയ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യാനവശേഷിക്കുന്ന ഫർണിച്ചർ വിതരണം ചെയ്യുന്നതാണെന്നും ഹെഡ്മാസ്റ്റർ മറുപടി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 20 ഫർണിച്ചറിന്റെ വിലയായ 99,998/- രൂപ തടസ്സപ്പെടുത്തുന്നു. വാങ്ങിയ 60 സെറ്റ് ഫർണിച്ചറിന്റേയും വിതരണം ചെയ്ത 40 കഴിച്ച് ബാക്കിയുള്ള 20 സെറ്റിന്റേയും വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി ഹാജരാക്കേണ്ടതാണ്. യോഗ്യരായ വിദ്യാർത്ഥികളെ അടിയന്തിരമായി കണ്ടെത്തി ഫർണിച്ചർ വിതരണം ചെയ്ത് തടസ്സം ഒഴിവാക്കേണ്ടതാണ്. യോഗ്യതാ മാനദണ്ഡം മറികടന്ന് ഗുണഭോക്തൃ പട്ടിക അംഗീകരിച്ച് നൽകിയ ഭരണസമിതി തീരുമാനം ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം പ്രവണതകൾ ഒഴിവാക്കേണ്ടതാണ്.

## 1-20 ഹരിത കർമ്മ സേനക്കായി വാഹനം വാങ്ങിയത് ഉപയോഗിക്കാതെ വാഹനം വാടകക്കെടുത്ത് തുക ചെലവഴിച്ചു-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം. | 43/23 (So) |
| പ്രോജക്റ്റിന്റെ പേര് | ഹരിത കർമ്മ സേന പ്രവർത്തനങ്ങളും വാഹന വാടകയും മറ്റ് സജ്ജീകരണങ്ങളും ഏർപ്പെടുത്തൽ |
| അടങ്കൽ | 209258 (തനതു ഫണ്ട്) |
| ചെലവ് | 152930 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ-1 |

ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായും, വാഹന വാടക മറ്റ് സജ്ജീകരണങ്ങൾ ഏർപ്പെടുത്തലിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1. വൌച്ചർ നം 22200535/30-8-22- പ്രകാരം 37555 രൂപയും 22200686/25-10-22- പ്രകാരം 7500 രൂപയും ഹരിത കർമ്മ സേനക്കുള്ള രസീത് , എഗ്രിമെന്റ് എന്നിവ അച്ചടിച്ച വകയിൽ നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്കായി ക്വട്ടേഷൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 53/24-8-23 ന് മറുപടി ലഭ്യമാക്കിയില്ല. തുക കൈപ്പറ്റിയ ജയകുമാർ എന്ന വ്യക്തിയുടെ അക്കൌണ്ട് വിശദാംശം ലഭ്യമാക്കിയില്ല . രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.



2. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് നം. 26/23 (ഹരിത കർമ്മസേനക്കായി വാഹനം വാങ്ങൽ) പ്രകാരം 427953/- രൂപ ചെലവഴിച്ച് ബാറ്ററി ഓപ്പറേറ്റഡ് വാഹനം ഹരിത കർമ്മസേനക്കായി 24/8/22 ൽ വാങ്ങിയിട്ടുണ്ട്.

സ്വന്തമായി വാഹനം ഉണ്ടായിട്ടും താഴെ ചേർക്കുന്ന വൌച്ചറുകൾ പ്രകാരം എം സി എഫിലേക്ക് പ്ളാസ്റ്റിക് മാലിന്യം കൊണ്ടു പോയതിന് 1/9/22 മുതൽ 3/23 വരെ വാഹന വാടക ഇനത്തിൽ 43/23 പ്രോജക്റ്റിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചതായി കാണുന്നു.

| വൌച്ചർ നം./തീയതി | തുക | വാഹനം ഓടിയ ദിവസം |
|---|---|---|
| 22200685/25-10-22 | 4000 | 13-9-22,22-10-22 |

| | | |
|---|---|---|
| 22200939/25-11-22 | 1000 | 11-11-22 |
| 22200532/14-9-22 | 8500 | 7/22,8/22/ |
| 22200940/25-11-22 | 4000 | 12-9-22,13-9-22 |
| 222001025/9-12-22 | 5000 | തീയതി ലഭ്യമല്ല |
| 222001027/9-12-22 | 2000 | 22-11-22 |
| 222001273/30-1-23 | 2000 | തീയതി ലഭ്യമല്ല |
| 222001229/23-1-23 | 13500 | 12/22 ലെ വിവിധ തീയതികളിൽ വാഹനം ഓടിയതിന് |
| 222001/23-1-23 | 7000 | 13/2-23,14-2-23 |
| 2220011462/8-3-23 | 2000 | തീയതി ലഭ്യമല്ല |
| 222001611/24-3-23 | 2500 | തീയതി ലഭ്യമല്ല |
| 222001326/3-2-23 | 2000 | തീയതി ലഭ്യമല്ല |

സ്വന്തമായി വാഹനം ഉണ്ടായിട്ടും വാഹന വാടക ഇനത്തിൽ തുക ചെലവഴിക്കാനിടയായത് എന്തു കാരണത്താലാണെന്ന് വ്യക്തമാക്കേണ്ടതും വാഹനം സൗകര്യം ഏർപ്പെടുത്തുന്നതിനായി ക്വട്ടേഷൻ വിളിച്ചതിന്റെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

## 1-21 - PMAY വിഹിതം കൈമാറൽ - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല-1735000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 139/22 (New) |
| പ്രോജക്റ്റിന്റെ പേര് | PMAY വിഹിതം കൈമാറൽ |
| അടങ്കൽ | 700000 |
| ചെലവ് | 700000 |
| ഫണ്ടിനം | പ്ലാൻ ഫണ്ട്- ജനറൽ |
| ബിൽ നം. | 83/18-10-22-700000 |
| നിർവ്വഹണം | വി.ഇ.ഒ. സർക്കിൾ I |

പദ്ധതി പ്രകാരം പി എം എ വൈ - ഗ്രാമപഞ്ചായത്ത് വിഹിതമായി 700000/- രൂപ വാമനപുരം ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം - 32280100004243). ആയതിന്റെ വിനിയോഗ സാക്ഷ്യ പത്രം, തുക ആവശ്യപ്പെട്ടുകൊണ്ടുള്ള ബ്ളോക്ക് ഓഫീസറുടെ കത്ത്, അക്കൌണ്ട് വിശദാംശം എന്നിവ ഫയലിലില്ല. ടി രേഖകൾ ലഭ്യമാക്കുന്നതു വരെ 700000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

2.

| | |
|---|---|
| പ്രോജക്റ്റ് നം | 218/23 (New) |
| പ്രോജക്റ്റിന്റെ പേര് | PMAY വിഹിതം കൈമാറൽ(SCP) |
| അടങ്കൽ | 1035000 |
| ചെലവ് | 1035000 |
| ഫണ്ടിനം | പ്ലാൻ ഫണ്ട്- SCP |
| ബിൽ നം. | 266/24-02-23-500000<br>276/27-2-23-535000 |
| നിർവ്വഹണം | വി.ഇ.ഒ. സർക്കിൾ I |

പദ്ധതി പ്രകാരം പി എം എ വൈ - ഗ്രാമപഞ്ചായത്ത് വിഹിതമായി 1035000/- രൂപ വാമനപുരം ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം - 32280100004243). ആയതിന്റെ വിനിയോഗ സാക്ഷ്യ പത്രം, തുക ആവശ്യപ്പെട്ടുകൊണ്ടുള്ള ബ്ളോക്ക് ഓഫീസറുടെ കത്ത്, അക്കൗണ്ട് വിശദാംശം എന്നിവ ഫയലിലില്ല. ടി രേഖകൾ ലഭ്യമാക്കുന്നതു വരെ 1035000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 എം സി എഫുകളുടെ പ്രവർത്തനം - സർക്കാർ നിർദ്ദേശം പാലിച്ചില്ല

സർക്കാർ ഉത്തരവ് ( സാധാ) 617/2023/എൽ എസ് ജി ഡി തിയ്യതി - 15-3-23 പ്രകാരം പാഴ് വസ്തു സംഭരണ

കേന്ദ്രങ്ങളിൽ തീ പിടുത്ത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട , സുരക്ഷാ മുൻകരുതലുകളെകുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഖണ്ഡിക 3. പ്രകാരം എം സി എഫ് , മിനി എം സിഎഫ് എന്നിവക്ക ചുറ്റും പാഴ്വസ്തുക്കൾ കൂട്ടിയിട്ടിരിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും ഖണ്ഡിക -6 പ്രകാരം പാഴ്‌വസ്തു സംഭരണ ശാലകളിൽ നിന്നും യഥാസമയം പാഴ് വസ്തു നീക്കം നടക്കുന്നുണ്ട് എന്നും സംഭരണ കേന്ദ്രങ്ങളിലും അതിന് സമീപവും പാഴ് വസ്തുക്കൾ കുന്നുകൂടി കിടക്കുന്നില്ല എന്നും ,എം സി എഫ് , മിനി എം സി എഫ് എന്നിവിടങ്ങളിൽ അഗ്നി സുരക്ഷാ സംവിധാനം ഉണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണെന്നും, പാഴ് വസ്തു സംഭരണ ശാലകളിൽ നിരന്തരം പരിശോധന നടത്തുന്നതിനായി ഒരു ഓഫീസറെ അതാത് തദ്ദേശ സ്ഥാപന സെക്രട്ടറി ചുമതലപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പ്രകാരം നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റ് എൻക്വയറി നം 43/24-8-23 ന് മറുപടി ലഭ്യമാക്കിയില്ല. കല്ലറ മാർക്കറ്റിനകത്തെ എം സി എഫ് പരിശോധിച്ചതിൽ മേൽ വ്യവസ്ഥകൾ പാലിക്കാത്തതായി കണ്ടു.





## 1-23 ലൈഫ് ഭവന പദ്ധതി- രേഖകൾ ലഭ്യമാക്കിയില്ല. 310000/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 35/23 (So) |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി (ജനറൽ) |
| അടങ്കൽ | 2280000<br>(വികസനഫണ്ട് പൊതുവിഭാഗം<br>-780000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം500000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം -1000000/- |
| ചെലവ് | 780000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 (വികസന ഫണ്ട് പൊതുവിഭാഗം) |

പദ്ധതി പ്രകാരം 2019-20,2020-21 വർഷങ്ങളിലെ ലൈഫ് പദ്ധതിയുടെ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് തുക നൽകിയതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അമ്മിണി എന്ന ഗുണഭോക്താവിന് 40000 അനുവദിച്ചു നൽകിയിട്ടുണ്ട്. അപേക്ഷ, ബാങ്ക് അക്കൌണ്ട് വിശദാംശം എന്നിവ ലഭ്യമാക്കിയില്ല.

2. 2020-21 വർഷത്തെ ലൈഫ് പദ്ധതിയുടെ ഗുണഭോക്താവായ ബിനു രാജിന് 160000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത വ്യക്തിയുടെ അപേക്ഷ പരിശോധിച്ചതിൽ അക്കൌണ്ട് നം -6725 8230761 ആണ് എന്നാൽ രേഖകൾ പരിശോധിച്ചതിൽ തുക നൽകിയിരിക്കുന്നത് 67328926498 ലേക്കാണ്. അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 20-21 ലെ ഗുണഭോക്താവായ ടിയാൻ 320000/- രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ആകെ ഒരു ഗഡു കൈപ്പറ്റിയതിനാണ് ഒപ്പുരേഖപ്പെടുത്തിയിരിക്കുന്നത്. കരാർ പത്രം മുദ്ര പത്രം എന്നിവയിലൊന്നും രേഖപ്പെടുത്തലില്ല. കൈപ്പറ്റിയതുകക്ക് അനുസൃതമായി സ്റ്റേജ് സർട്ടിഫിക്കറ്റ് വച്ചിട്ടില്ല.

3. അജിന എന്ന ഗുണഭോക്താവിന് 40000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. അപേക്ഷ, ബാങ്ക് അക്കൗണ്ട് വിശദാംശം എന്നിവ ലഭ്യമാക്കിയില്ല

4. 2020-21 വർഷത്തെ ഗുണഭോക്താവായ അരുണിമ, ചരുവിള പുത്തൻ വീട്എന്ന വ്യക്തിക്ക് 40000/- രൂപ നൽകിയിട്ടുണ്ട്. അപേക്ഷ, ബാങ്ക് അക്കൗണ്ട് വിശദാംശം എന്നിവ ലഭ്യമാക്കിയില്ല.

5. രമണി എന്ന വ്യക്തിക്ക് 30000/- രൂപ നൽകിയിട്ടുണ്ട്. അപേക്ഷ, ബാങ്ക് അക്കൗണ്ട് വിശദാംശം എന്നിവ ലഭ്യമാക്കിയില്ല.

6. ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതമുൾപ്പെടെ 22,80,000/- രൂപയുടെ അടങ്കലിൽ ആസൂത്രണം ചെയ്ത പദ്ധതിയിൽ വികസന ഫണ്ട് പൊതു വിഭാഗത്തിലെ അടങ്കൽ തുക മാത്രമാണ് ചെലവഴിച്ചത്. ആയതിൽ 3,10,000/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ അടിയന്തിരമായി ലഭ്യമാക്കാത്തപക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

പരാമർശ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-24 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ഇലക്ട്രീഷ്യന് വേതനം നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 16/23 |
| പ്രോജക്റ്റിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ഇലക്ട്രീഷ്യന് വേതനം നൽകൽ |
| അടങ്കൽ | 500000/- (തനത് ഫണ്ട്) |
| ചെലവ് | 353808/- (സുലേഖ പ്രകാരം ) |
| ബിൽ നമ്പർ | (1) ചെക്ക് നം. 656321/31.03.23- 168870<br>(2) Proceedings No. 62/29.8.22 പ്രകാരം 93366/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെക്കിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.<br>(3) 91572/- രൂപയുടെ ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല. |
| നിർവ്വഹണം | സെക്രട്ടറി |

1. സ്ട്രീറ്റ് ലൈറ്റിന്റെ മെയിന്റനൻസിനായി ഇലക്ട്രീഷ്യന് വേതനം നൽകുന്നതിന് ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയിൽ 262236/- രൂപയുടെ ചെലവുരേഖകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത് സുലേഖ പ്രകാരം പ്രസ്തുത പദ്ധതിയുടെ ചെലവ് 353808 രൂപയാണ്, വ്യത്യാസം 91572/- രൂപ. 91572/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. 7-08-2015 ലെ ജി.2/44274/15 ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് , പരാതി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

3. മേൽ ഉത്തരവ് പ്രകാരം അടാട്ട് മാതൃക അവലംബിക്കുന്ന പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതി സ്വീകരിക്കലും തുടർ പ്രവർത്തനങ്ങൾക്കുമായി നോഡൽ ആഫീസറെയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നു. പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറുകയും ചെയ്യേണ്ടതാണ്. അത്തരത്തിലൊരു സംവിധാനം പഞ്ചായത്തിലുള്ളതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4. ശ്രീ. വിഷ്ണു. വി എന്ന കരാറുകാരനാണ് 2022-23 വർഷത്തിൽ മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്തത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിടെൻഷൻ എന്നിവ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ് , റിടെൻഷൻ എന്നിവ ഈടാക്കിയിതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

5. 05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ട തെരുവുവിളക്കുകളുടെ പരിപാലനം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ക്രമ നം. 1 മുതൽ 5 വരെയുള്ള പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതും അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-25 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ – 200000 രൂപ ചെലവഴിച്ചതിൽ 98045 രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല.

<table>
<tr><td>പദ്ധതിയുടെ പേര്, നം</td><td colspan="2">ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ, 30/23</td></tr>
<tr><td>നിർവ്വഹണ ഉദ്യോഗസ്ഥൻ</td><td colspan="2">മെഡിക്കൽ ഓഫീസർ - ആയുർവ്വേദം</td></tr>
<tr><td rowspan="2">അടങ്കൽ</td><td colspan="2">200000</td></tr>
<tr><td colspan="2">മെയിന്റനൻസ് ഫണ്ട് , റോഡിതരം</td></tr>
<tr><td rowspan="3">ചെലവ്</td><td colspan="2">200000</td></tr>
<tr><td>ബിൽ നം.</td><td>തുക കൈപ്പറ്റിയത്</td></tr>
<tr><td>215/30-01-2023</td><td>The Kerala State Homeopathic Co-Operative Pharmacy Ltd. (HOMCO)</td></tr>
</table>

2022-23 സാമ്പത്തിക വർഷത്തിൽ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ഹോംകോയ്ക്ക് 200000/- രൂപ നൽകിയതിൽ 101955/- രൂപയുടെ മരുന്ന് മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത് (ഇൻവോയിസ് നം. LF-813 Dt. 2.08.23 പ്രകാരം). ബാക്കി 98045/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിലെ കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന് ബാക്കി മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കണമെന്ന് HOMCO യെ അറിയിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയെങ്കിലും മരുന്നുകൾ ലഭിക്കുന്നതിലെ കാലതാമസത്തിന് കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അവശ്യ മരുന്നുകളുടെ അഭാവം ആശുപത്രിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കും എന്നതിനാൽ സ്ഥാപനവുമായി ബന്ധപ്പെട്ട ഉടമകയും മുഴവൻ മരുന്നും അടിയന്തിരമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 936878/- രൂപ തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റിന്റെ വിശദാംശം | റിമാർക്സ് |
|---|---|
| പ്രോജക്റ്റ് നം.83<br>പേര്- ഐ.കെ.എം വിഹിതം നൽകൽ<br>അടങ്കൽ- വികസനഫണ്ട് 86878<br>ചെലവ്-ബിൽ നം. 59/24.08.22 തുക 86878 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| പ്രോജക്റ്റ് നം. 85<br>പേര്- ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണം വിഹിതം കൈമാറൽ<br>അടങ്കൽ- വികസനഫണ്ട് 350000<br>ചെലവ്-ബിൽ നം77/11.10.22 തുക -350000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| പ്രോജക്റ്റ് നം. 82<br>പേര്- SSK വിഹിതം നൽകൽ<br>അടങ്കൽ- വികസനഫണ്ട് 642101<br>ചെലവ്- ബിൽ നം.78/11.10.22 -500000/- | ബി.ആർ,സി പാലോടിന് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>ബി.ആർ.സി പാലോടിന്റെ പ്രൊപ്പോസൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |

വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നതു വരെ മേൽ

പദ്ധതിയ്ക്കായി ചെലവഴിച്ച ആകെ തുക 936878/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ 323959/- രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 92/23 |
| പ്രോജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | തനത് ഫണ്ട് 350000 |
| ചെലവ് | സുലേഖ പ്രകാരം ചെലവ് 323959 |
| ബിൽ നമ്പർ | ചെക്കിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല |
| സെക്രട്ടറിയുടെ നടപടിക്രമങ്ങൾ | 73/16.09.22 – 323959/- |

പഞ്ചായത്ത് ഓഫീസിലേയ്ക്ക് 6 കമ്പ്യൂട്ടറും 2 പ്രിന്ററും 1 ഹൈസ്പീഡ് സ്കാനറും GEM /CPRCS മുഖേന വാങ്ങുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. GEM മുഖേന 6 കമ്പ്യൂട്ടറുകൾ വാങ്ങിയതായി കാണുന്നുണ്ടെങ്കിലും ആയതിന്റെ കമ്പാരിറ്റീവ് സ്റ്റേറ്റുമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. മേൽ കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്തതിന്റേയോ വിതരണം ചെയ്തതിന്റേയോ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി സുലേഖ പ്രകാരം ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന 323959/- രൂപ തടസ്സം ചെയ്യുന്നു.

## 1-28 പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്- ചെലവു രേഖകൾ ലഭ്യമാക്കിയിട്ടില്ല-283908/- രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 84/23 |
| പ്രോജക്റ്റിന്റെ പേര് | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് |
| അടങ്കൽ | തനത് ഫണ്ട് 300000 |
| ചെലവ് | 299974 |
| ബിൽ നമ്പർ | ചെക്ക് നം. 656295/1.3.23- 16066<br>പ്രൊസീഡിംഗിസ് നം. 418/30.3.23 പ്രകാരം 283908 രൂപ(ചെക്കിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല) |
| നിർവ്വഹണം | സെക്രട്ടറി |

പ്രസ്തുത പദ്ധതിയിൽ പ്രൊസീഡിംഗിസ് നം. 418/30.3.23 പ്രകാരം 283908/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖയുടെ അഭാവത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായി ആകെ ചെലവഴിച്ച 299974/ - *രൂപയിൽ 283908/-* രൂപ തടസ്സം ചെയ്യുന്നു.

## 1-29 ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 26/23 |
| പ്രോജക്റ്റിന്റെ പേര് | ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 345000<br>കേന്ദ്രാവിഷ്കൃതഫണ്ട് 360000 |
| ചെലവ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 345000<br>കേന്ദ്രാവിഷ്കൃത ഫണ്ട് 82953 |
| ബിൽ നമ്പർ | ബിൽ നം. 69/14.9.22 തുക 345000/-<br>82953/- രൂപയുടെ ചെക്കിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല |

ജില്ലാശുചിത്വമിഷന്റെ 14.7.2021 ലെ 123/DSM/TVM/21 നം കത്തു പ്രകാരം എം.സി.എഫ് ഉള്ള ത.സ്വ.ഭ.വ സ്ഥാപനങ്ങളിൽ ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾ വാങ്ങുന്നതിന് ആകെ തുക 450000/- രൂപയിൽ പരിമിതപ്പെടുത്തണമെന്നും ടി തുകയിൽ 315000/- രൂപ (ശുചിത്വ മിഷൻ ഫണ്ട്),135000/- രൂപ (ഫിനാൻസ് കമമീഷൻ ഗ്രാന്റ് എന്നിങ്ങനെ രേഖപ്പെടുത്തുവാനമാണ് നിർദ്ദേശം പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 19.3.22 ൽ ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾ പഞ്ചായത്തിൽ പ്രവർത്തനയോഗ്യമല്ലായെന്നും അതിനാൽ പെട്രോൾ/ഡീസൽ ഇന്ധനമുപയോഗിക്കുന്ന വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്നും കാണിച്ച് ശുചിത്വ മിഷന് കത്തു നൽകുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ GEM മുഖേന കൂട്ടുകാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് Piaggio Ape Electric Extraബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾ ആണ് വാങ്ങിയിട്ടുള്ളത്. ഇപ്രകാരം ഭരണസമിതി 19.3.22 ൽ തീരുമാനമെടുത്ത ശേഷം ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾ തന്നെ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല.

2. GEM ൽ നിന്നുള്ള കമ്പാരിറ്റീവ് സ്റ്റേറ്റുമെന്റ് ഫയലിൽ ലഭ്യമല്ല.

3. കൂട്ടുകാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡിന്റ 24.8.22 ലെ ടാക്സ് ഇൻവോയിസ് പ്രകാരം 427953 രൂപയാണ് വാഹനത്തിന്റെ വില. പട്ടികയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇൻകംടാക്സ് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യതായി കാണുന്നില്ല.

4. വാഹനത്തിന്റെ രജിസ്ട്രേഷൻ രേഖകൾ, ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ-ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല- 67950/-രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 111/23 |
| പ്രോജക്റ്റിന്റെ പേര് | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ |
| അടങ്കൽ | വികസനഫണ്ട് 150000<br>തനത് ഫണ്ട് 150000 |
| ചെലവ് | തനത് ഫണ്ട് 67950 (സുലേഖ പ്രകാരം) |
| ബിൽ നമ്പർ | ചെക്കിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത TQ Services ന്റെ ക്വട്ടേഷനും ഫയർ എക്സ്റ്റിംഗ്യൂഷർ വാങ്ങുന്നതിന് 2750+ Tax എന്ന നിരക്കിൽ Range Fire ന്റെ ക്വട്ടേഷനും 9.2.23ലെ 22/1-ാം നം ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി സുലേഖ ചെലവ് പത്രിക പ്രകാരം 67,950/- രൂപ ചെലവുണ്ട്. എന്നാൽ ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ സുലേഖ പ്രകാരമുള്ള ചെലവ് തുക 67,950/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. വൗച്ചർ നമ്പർ 22201654/27.03.23, ചെക്ക് നമ്പർ 656317/27.03.23 എന്നിവ പ്രകാരം ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് വേതനം നൽകിയയിനത്തിൽ 33,220/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് സുലേഖ എക്സ്പെൻഡിച്ചർ റിപ്പോർട്ടിൽ ഉൾപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-31 പൊതുടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി കാലികമാക്കിയിട്ടില്ല.

4.3.23 ലെ ഭരണസമിതി തീരുമാനം 21(1) പ്രകാരം പഞ്ചായത്തിലെ പ്രവർത്തനരഹിതമായ പൊതുടാപ്പുകൾ ഒഴിവാക്കി നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണം കാലികമാക്കുന്നതിന് സംയുക്ത പരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പേമെന്റ് വൌച്ചറുകൾ പരിശോധിച്ചതിൽ 95 വാട്ടർടാപ്പുകളുടെ വെള്ളക്കരത്തിൽ പ്രതിമാസം ഡിമാന്റ് ചെയ്തിട്ടുള്ള 45822/- രൂപ വാട്ടർ അതോറിറ്റിയിൽ എല്ലാ മാസവും അടവാക്കിയിട്ടുണ്ട്. പൊതുടാപ്പുകളുടെ സംയുക്ത പരിശോധന വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയിട്ടുണ്ടെങ്കിൽ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 31 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പരിശോധന റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 പബ്ലിക് കംഫർട്ട് സ്റ്റേഷൻ ആശ്വാസ് കേന്ദ്രത്തിന്റെ വെള്ളക്കരം കുടിശ്ശിക- കരാറുകാരൻ വരുത്തിയത് തനതുഫണ്ടിൽ നിന്ന് ഒടുക്കി

4.3.23 ലെ ഭരണസമിതി തീരുമാനം 7(1) പ്രകാരം കല്ലറ ബസ്സ്റ്റാൻഡിൽ സ്ഥിതിചെയ്യുന്ന പബ്ലിക് കംഫർട്ട് സ്റ്റേഷൻ ആശ്വാസ് കേന്ദ്രത്തിന്റെ വെള്ളക്കരം കുടിശ്ശിക വന്നതിനാൽ ടി കേന്ദ്രത്തിലെ വാട്ടർ കണക്ഷൻ വാട്ടർ അതോറിറ്റി റദ്ദ് ചെയ്തിരുന്നു. 1.12.2022 ലെ വാട്ടർ അതോറിറ്റി ബിൽ പ്രകാരം കുടിശ്ശിക തുക 65073/- രൂപ ഒടുക്കുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നതിനാൽ കുടിശ്ശിക വരുത്തിയവർക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ പൂർത്തിയാകുന്നത് വരെ കുടിശ്ശികയുടെ ഒരു ഗഡുവായ 15000/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് ചെക്ക് നം. 656259/5.1.23 പ്രകാരം 15000/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. വെള്ളക്കരം കുടിശ്ശിക വരുത്തിയ കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാക്കി കുടിശ്ശിക തുക പൂർണമായും കരാറുകാരനെകൊണ്ട് അടവു വരുത്തി പഞ്ചായത്ത് അടവാക്കിയ തുക റിക്കവറി നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-33 വൌച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. പേമെന്റ് വൗച്ചറുകൾ ലഭ്യമാകുന്നതിനു മുൻപു തന്നെ ചെക്ക് മുഖേന തുകകൾ പിൻവലിച്ചിരിക്കുന്നു,

ILGMS മുഖേന പേമെന്റ് വൗച്ചറുകൾ പരിശോധിച്ചതിൽ പേമെന്റ് ഓർഡർ ലഭ്യമാകുന്നതിനുമുൻപു തന്നെ ചെക്ക് മുഖേന തുകകൾ പിൻവലിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. തീയതി | ഇനം | തുക | ചെക്ക് നം. തീയതി |
|---|---|---|---|
| 22200001/11.4.22 | Honorarium Of President And Members | 14200 | 648011/2.4.22 |
| 22200010/13.4.22 | Income Tax Deducted At Source | 6000 | 648011/2.4.22 |
| 22200029/17.4.22 | Stationary Items | 3095 | 648015/12.4.22 |
| 2220030/17.4.22 | Telephone Charge | 1250 | 648015/12.4.22 |

പേമെന്റ് ഓർഡർ ലഭ്യമാകുന്നതിനു മുൻപുതന്നെ ചെലവ് ചെയ്യാനിടയായ സാഹചര്യം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആഭ്യന്തര നിയന്ത്രണത്തിലെ വീഴ്ചയെആണ് മേൽ നടപടികൾ സൂചിപ്പിക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 40 പ്രകാരം പണം

കൊടുക്കേണ്ട വ്യക്തിയ്ക്ക് ഉടനടി കൈമാറാനല്ലാതെ സാധാരണഗതിയിൽ ചെക്കിൽ ഒപ്പിടരുത്. പേമെന്റ് വൌച്ചർ ജനറേറ്റ് ചെയ്യുന്നതിനു മുൻപ് തന്നെ തുക കൈമാറുന്നത് ശരിയായ നടപടിയല്ല. ചെലവുകൾ ചെയ്യുമ്പോൾ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് സ്റ്റാളുകളിലെ കുടിശ്ശിക-കെ.എസ്.ഇ.ബിയിൽ അടവാക്കി 8.4.2022 ലെ 22(1)-ാം നം. തീരുമാനപ്രകാരം കല്ലറ ഗ്രാമപഞ്ചായത്ത് സ്റ്റാളുകളിലെ കുടിശ്ശിക അടയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വൈദ്യുതി ചാർജ്ജിനത്തിൽ 1.4.2020 മുതൽ 25.1.2022 വരെയുള്ള കുടിശ്ശിക തുക നിലവിലുള്ള ക്യാഷ് ഡെപ്പോസിറ്റ് കഴിച്ച് 18% പലിശ ഉൾപ്പെടെ അടയ്ക്കുന്നതിനാണ് 21.3.2022 ൽ കെ.എസ്.ഇ.ബി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത്. ചെക്ക് നം, 648025/22.4.22 വൌച്ചർ നം. 22200054/22.4.22 എന്നിവ പ്രകാരം 9524/- രൂപ കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക ഉൾപ്പെടെ കറണ്ട് ചാർജ്ജ് അടയ്ക്കാനിടയായ സാഹചര്യം വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം കുടിശ്ശികയിനത്തിൽ തുക കെ.എസ്.ഇ.ബിയിൽ അടവാക്കാനിടയായതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

കൂടാതെ വൗച്ചർ നം. 22200713/16.11.22 പ്രകാരം മാർക്കറ്റ് ബിൽഡിംഗിന് വൈദ്യുത കണക്ഷനായി ആകെ 22504/- രൂപ അടവാക്കിയിട്ടുണ്ട്. മാർക്കറ്റ് ബിൽഡിംഗിന് വൈദ്യുത കണക്ഷൻ നേരത്തേ ലഭ്യമായിരുന്നുവോയെന്ന് വ്യക്തമല്ല. വൈദ്യുതി കണക്ഷൻ ലഭ്യമായിരുന്നുവെങ്കിൽ ഇപ്രകാരം വൈദ്യുതി കണക്ഷനായി തുക അടയ്ക്കേണ്ടി വന്ന സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

3. സരസ് മേള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-5000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

വൌച്ചർ നം. 22200241/13.6.22 പ്രകാരം (ചെക്ക് നം. 648076/13.6.22) പ്രകാരം സരസ് മേളയുടെ നടത്തിപ്പിലേയ്ക്കായി കുടുംബശ്രീയ്ക്ക് 5000/- രൂപ ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഫയലിനോടൊപ്പം ലഭ്യമല്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യാത്തപക്ഷം 5000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നതാണ്.

4. വൃക്ഷശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിന് ചെലവായ തുക തിരികെ ഈടാക്കേണ്ടതാണ്.

വൌച്ചർ നം. 22200128/16.5.22 പ്രകാരം വൃക്ഷ ശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിന് 4000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.5.22 ലെ എ3/113/22-ാം നം. ഉത്തരവു പ്രകാരം ശ്രീകുമാർ .എസ്, ഗ്രാൻമ, മുതുവിള എന്നയാളിന്റെ വീടിന് മുകളിലായി അപകടകരമായി ചാഞ്ഞുനിൽക്കുന്ന ആഞ്ഞിലിമരം, റബ്ബർമരം എന്നിവ മുറിച്ചുമാറ്റുന്നതിന് ഗോപി, പ്രഭാകരവിലാസം എന്നയാൾക്ക് പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 238(1) പ്രകാരം നോട്ടീസ് നൽകിയെങ്കിലും വൃക്ഷശിഖരങ്ങൾ മുറിച്ച് മാറ്റാത്തതിനാൽ അവ മുറിച്ച് മാറ്റുന്നതിനും ചെലവ് പഞ്ചായത്തിൽ നിന്ന് നൽകുന്നതിനും തുടർന്ന് എതിർകക്ഷിയിൽനിന്ന് തുക നിയമപ്രകാരം ഈടാക്കുന്നതിനും ഉത്തരവായിട്ടുണ്ട്. വൃക്ഷശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിന് ചെലവായ തുക എതിർകക്ഷിയിൽ നിന്ന് ഈടാക്കിയതിന്റെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വൃക്ഷശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിന് ചെലവായ തുക തിരികെ ഈടാക്കിയിട്ടില്ലായെങ്കിൽ ആയത് റീക്കുപ്പ് ചെയ്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. ശാന്തികവാടം ശ്മശാനത്തിലേയ്ക്ക് എൽ.പി.ജി- സ്റ്റോക്ക്/വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല

വൗച്ചർ നം. 22200129/16.5.22 പ്രകാരം ശാന്തികവാടം ശ്മശാനത്തിലേയ്ക്ക് എൽ.പി.ജി വാങ്ങുന്നതിലേയ്ക്കായി 18200/- രൂപ ഇൻവോയിസ് നം. R/1662 പ്രകാരം വാങ്ങിയിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ എൽ.പി.ജി സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-34 സംഭാവനയായി ലഭിച്ച ആംബുലൻസ്- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ഉപയോഗയോഗ്യമാക്കിയോയെന്ന് വ്യക്തമല്ല

8.4.2022 ലെ 9(1) -ാം നം. തീരുമാനപ്രകാരം കല്ലറ ഗ്രാമപഞ്ചായത്തിന് സംഭാവനയായി ലഭിച്ച ആംബുലൻസിന് താത്കാലിക ഡ്രൈവറെ നിയമിക്കുന്നതിനായി ഭരണ സമിതി തീരുമാന പ്രകാരം അപേക്ഷ ക്ഷണിച്ച് 24/03/22 ന് ഇൻറർവ്യൂ നടത്തിയതിൻറെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് അംഗീകരിക്കുന്നതിനും ടി ലിസ്റ്റിൽ നിന്നും മുൻഗണന ക്രമത്തിൽ ബഹു സർക്കാരിൻറെ 02/02/22 ലെ ഇ.പി.എ2/50/2021/തസ്വഭവ നം. ഉത്തരവ് പ്രകാരവും ബഹു പഞ്ചായത്ത് ഡയറക്ടറുടെ PAN/14760/20-E9(DP) നമ്പർ ഉത്തരവ് പ്രകാരവും 90 ദിവസത്തേയ്ക്ക് നിയമനം നടത്തുന്നതിനും തുടർന്നും ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ ലിസ്റ്റിലെ മുൻഗണന പ്രകാരം നിയമനം നടത്തുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. പേമെന്റ് വൌച്ചറുകൾ പരിശോധിച്ചതിൽ ആംബുലൻസ് ഡ്രൈവർക്ക് വേതനം നൽകിയതായി കണ്ടെത്തിയിട്ടില്ല. അപ്രകാരം ആംബുലൻസ് ഡ്രൈവറെ നിയമിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനും സംഭാവനയായി ലഭിച്ച ആംബുലൻസിന്റെ രജിസ്ട്രേഷൻ നടപടികൾ

പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സംഭാവനയായി ലഭിച്ച ആംബുലൻസിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയതിന്റെയും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-35 കല്ലറ ബസ് സ്റ്റാന്റ് കുഴൽക്കിണർ നവീകരണം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-1,98,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 28 |
| പ്രോജക്റ്റിന്റെ പേര് | കല്ലറ ബസ് സ്റ്റാന്റ് കുഴൽക്കിണർ നവീകരണം |
| അടങ്കൽ | 198000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | 198000 |
| ബിൽ നമ്പർ | 235/10.2.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കല്ലറ ബസ് സ്റ്റാന്റ് നവീകരണത്തിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ എസ്റ്റിമേറ്റ് പ്രകാരം 198000/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഭൂജല വകുപ്പുമായി 10.2.23 ൽ വച്ചിട്ടുള്ള എഗ്രിമെന്റ് നം. 12/22-23 ക്രമ നം. 6 പ്രകാരം പ്രവൃത്തി 31.3.23 ൽ പൂർത്തീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 6 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കായി ചെലവഴിച്ച 198000/- രൂപ തടസ്സം ചെയ്യുന്നു.

## 1-36 പകൽ വീടിന് വൈദ്യുതി ലഭിക്കുന്നതിന് ത്രീഫേസ് ലൈൻ വലിക്കൽ - എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പൂർണ്ണമായും അടവാക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭ്യമായോയെന്നതിൽ വ്യക്തതയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 187/23 |
| പ്രോജക്റ്റിന്റെ പേര് | പകൽ വീടിന് വൈദ്യുതി ലഭിക്കുന്നതിന് ത്രീഫേസ് ലൈൻ വലിക്കൽ |
| അടങ്കൽ | 1000000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | 100000/- |
| ബിൽ നമ്പർ | 399/29.03.23 |

പകൽ വീടിന് വൈദ്യുതി ലഭിക്കുന്നതിന് ത്രീഫേസ് ലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്ത് നടപ്പിലാക്കിയ പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. കെ.എസ്.ഇ.ബിയുടെ 18.03.23 ലെ ഡിമാന്റ് നോട്ട് പ്രകാരം 101276/- രൂപയാണ് ഡെപ്പോസിറ്റ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ മേൽ ബിൽ പ്രകാരം 100000/- രൂപയാണ് ഈയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്. കെ.എസ്.ഇ.ബി 6.5.23 ൽ നൽകിയ AEKLRA/GPKLRA/149/23-24 നമ്പർ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും അടവാക്കിയെങ്കിൽ മാത്രമേ കണക്ഷൻ സാധ്യമാകുകയുള്ളൂവെന്ന് കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും അടവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല

2. ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. നിലവിൽ പകൽ വീടിന് വൈദ്യുത കണക്ഷൻ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 5 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതും പകൽവീടിന് വൈദ്യുതകണക്ഷൻ ലഭ്യമായി, പകൽവീട് പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമാക്കേണ്ടതുമാണ്.

## 1-37 പാഥേയം പദ്ധതി നടത്തിപ്പിലെ അപാകതകൾ-1076576/- രൂപ തടസ്സപ്പെടുത്തുന്നു.

A)

| | |
|---|---|
| പ്രോജക്റ്റ് നം. | 132/23 |
| പ്രോജക്റ്റിന്റെ പേര് | പാഥേയം -പൊതുവിഭാഗം പഞ്ചായത്ത് വിഹിതം |

| | |
|---|---|
| | ജില്ലാപഞ്ചായത്തിന് ഒടുക്കുന്നത് |
| അടങ്കൽ | 576576/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | 576576/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നമ്പർ | 277/27.2.23 |

B)

| | |
|---|---|
| പ്രോജക്റ്റ് നം. | 134/23 |
| പ്രോജക്റ്റിന്റെ പേര് | പാഥേയം -പട്ടികജാതി വിഭാഗം പഞ്ചായത്ത് വിഹിതം ജില്ലാപഞ്ചായത്തിന് ഒടുക്കുന്നത് |
| അടങ്കൽ | 518336/-(വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | 500000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നമ്പർ | 386/28.3.23-200000<br>278/27.2.23- 300000 |

പദ്ധതി A, B എന്നിവ പ്രകാരം ജില്ലാ പഞ്ചായത്തിന് 1076576/- രൂപ (500000+576576) കൈമാറിയിട്ടുണ്ട്. പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ജില്ലാ പഞ്ചായത്ത് കൈമാറാൻ ആവശ്യപ്പെട്ട തുകയുടെ വിശദാംശങ്ങൾ, ഗുണഭോക്തൃ ലിസ്റ്റ്, തുകയുടെ വിനിയോഗ സാക്ഷ്യ പത്രം എന്നിവ ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി വിനിയോഗിച്ച 1076576/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 ആശ്രയ ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണി-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 127/23 |
| പ്രോജക്റ്റിന്റെ പേര് | ആശ്രയ ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണി |
| അടങ്കൽ | വികസനഫണ്ട് ജനറൽ 300000 |
| ചെലവ് | 150000 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നമ്പർ | 186/13.01.23-50000<br>284/02.03.23-50000<br>330/18.03.23 -50000 |

ജില്ലാകുടുംബശ്രീ മിഷൻ അംഗീകരിച്ച ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തി താമസിക്കുന്ന വീട് അറ്റകുറ്റപ്പണി നടത്തുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ വത്സല എന്ന ഗുണഭോക്താവിന് 100000/-രൂപയും കൌസല്യ എന്ന ഗുണഭോക്താവിന് 50000/- രൂപയുമാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രത്തിൽ രണ്ടു ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കേണ്ടതുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്റ്റ് രൂപീകരണ ഫോറം പ്രകാരം ഒരു യൂണിറ്റിന് 100000/- രൂപ വച്ച് 300000/- രൂപയാണ് അടങ്കൽ വകയിരുത്തിയിരിക്കുന്നത്. ശ്രീമതി വത്സല പ്രവൃത്തി പൂർത്തീകരിക്കാതെയാണോ തുക നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കേണ്ടതാണ്. ശ്രീമതി കൌസല്യ നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 15 ന് ശ്രീമതി വത്സല പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആദ്യഗഡു കൈപ്പറ്റുകയും പ്രവൃത്തി പൂർത്തീകരിക്കാതിതിരിക്കുകയും ചെയ്യുന്ന ശ്രീമതി കൌസല്യ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-39 സി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ - 163386/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 22/23 |
| പദ്ധതിയുടെ പേര് | ജീവിതശൈലീരോഗങ്ങൾക്ക്മരുന്ന് വാങ്ങലും, അനുബന്ധ ഉപകരണങ്ങളും |
| അടങ്കൽ തുക | Rs.800000/- |
| ചെലവ് | 800000/- (KMSCL) |
| ബിൽ നം. തീയതി | (1) 103/15.11.22 Rs.157472/-<br>(2) 137/12.12.22 Rs. 223272/-<br>(3) 143/15.12.22 Rs.99797/-<br>(4) 191/17.01.23 Rs.16910/-<br>(5) 219/02.02.23 Rs. 21110/-<br>(6) 237/15.02.23 Rs.220486/-<br>(7) 316/15.03.23 Rs.60953/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |

ഗ്രാമ പഞ്ചായത്തിലെ ജീവിത ശൈലീരോഗികളുടെ എണ്ണം വർദ്ധിക്കാതെ തൽസ്ഥിതി നിലനിർത്തുക എന്ന ലക്ഷ്യത്തോടൊപ്പം, ജീവിത ശൈലീ രോഗികളുടെ ചികിത്സയിലൂടെ ആരോഗ്യകരമായ ജീവിതം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്.

മേൽ പദ്ധതിയിൽ മരുന്നു വാങ്ങുന്നതിനായി ആകെ - 380744/- രൂപ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ബിൽ നമ്പർ (1) പ്രകാരം 142934/- രൂപയുടെ മരുന്നുകളും ബിൽ നമ്പർ (2) പ്രകാരം 74424/- രൂപയുടെ മരുന്നുകളുമാണ് ലഭിച്ചിട്ടുള്ളത്.
ബാക്കി -163386/- (14538+ 148848) രൂപയ്ക്കുള്ള മരുന്ന് ലഭിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓ.എൻക്വയറി നമ്പർ. 9/22-23 തീയതി. 21.8.23). മരുന്ന് ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-40 ആട്ടിൻകുട്ടി വിതരണം (എസ്.സി.പി) പദ്ധതി - ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 174/2022 - 23 |
| പദ്ധതിയുടെ പേര് | ആട്ടിൻകുട്ടി വിതരണം വനിത, SCP |
| അടങ്കൽ തുക | 552500/-<br>(വികസനഫണ്ട് എസ്.സി.പി – 414375/-<br>ഗുണഭോക്തൃവിഹിതം – 138125) |
| ചെലവ് | 442000/-<br>(വികസനഫണ്ട് എസ്.സി.പി – 331500/-<br>ഗുണഭോക്തൃവിഹിതം – 110500/-) |
| ബിൽ നം. തീയതി | 153/23.12.22 – 258375/-<br>274/25.02.23 – 29250/-<br>331/19.03.23 – 4875/-<br>172/30.12.20 – 39000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, കല്ലറ ഗ്രാമ പഞ്ചായത്ത് |

എസ്.സി. വിഭാഗത്തിൽപെടുന്ന വനിതകൾക്ക് ആട്ടിൻകുട്ടികളെ വിതരണം ചെയ്യുന്നതിനായി നടപ്പാക്കിയ പദ്ധതിയാണിത്. താഴെപ്പറയുന്ന 2 ഗുണഭോക്താക്കൾക്ക് ആടിനെ നൽകിയ വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് 6500/- രൂപ വീതം കൈമാറിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾ SC വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. റേഷൻകാർഡ്, ആധാർകാർഡ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1) ഗുണഭോക്താവ് - ശ്രീമതി. വത്സല, കിഴക്കംകര പുത്തൻവീട്, പനച്ചമൂട്, തണ്ണിയം. (ആട്ടിൻകുട്ടിയെ നൽകിയ ആളുടെ പേര് - ശ്രീമതി. രമണി .ജെ.എൻ, മണിവിലാസം, വെള്ളാം കുടി, കല്ലറ.പി.ഒ, (Ac.no.36301000020802 - IOB – Rs.6500/-)

2) ഗുണഭോക്താവ് - ശ്രീമതി. അശ്വതി.ബി.എസ്, അദ്വൈതം, അരുവിപ്പുറം, (ആട്ടിൻകുട്ടിയെ നൽകി ആളുടെ പേര് - ശ്രീമതി. അനു.വി.എസ്, ചാണിൽ വീട്, കുറക്കോട് (Ac.no.17350100064278 - FDRL- Rs.6500/-)

മേൽപ്പറഞ്ഞ രണ്ട് ഗുണഭോക്താക്കളും പട്ടികജാതി വിഭാഗത്തിൽപെട്ടയാളാണെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ലാത്തതിനാൽ, രേഖകൾ ഹാജരാക്കാനവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 26) ഗുണഭോക്താക്കളിൽ നിന്നും ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ പട്ടിക ജാതിയിൽ ഉൾപ്പെട്ടവരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-41 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.575000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 170 /23 |
| പദ്ധതിയുടെ പേര് | കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 1150000/- (വികസനഫണ്ട് ജനറൽ -575000/- മറ്റുള്ളവ – 575000) |
| ചെലവ് | 575000/- (വികസന ഫണ്ട് ജനറൽ) |
| ബിൽ നം. തീയതി | 351/22.3.23, തുക 575000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

പഞ്ചായത്തിലെ ക്ഷീരകർഷകരുടെ 4 മുതൽ 6 മാസം വരെ പ്രായമുള്ള 46 പശുകുട്ടികൾക്ക് അവ പ്രസവിക്കുന്നത് വരെ / 32 മാസം പ്രായമാകുന്നത് വരെ സബ്സിഡി നിരക്കിൽ തീറ്റ നൽകുന്നതിനുള്ള പദ്ധതിക്കായി 575000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രസ്തുത തുക- 575000/- SLBP Thiruvananthapuram (Account No. - 701011400000196) ഓഫീസിലേയ്ക്ക് കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം ഫയലിൽ ലഭ്യമല്ലാത്തതിനാൽ 575000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. വിനയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-42 ഭവന പുനരുദ്ധാരണം-പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായും ഫയലിൽ ലഭ്യമല്ല.

പ്രോജക്റ്റ് നം-146/23
പ്രോജക്റ്റിന്റെ പേര്-ഭവന പുനരുദ്ധാരണം (എസ്.സി)
അടങ്കൽ-1800000 (വികസന ഫണ്ട് (എസ്.സി.പി)
ചെലവ്-1240348
നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
പഞ്ചായത്തിലെ നിലവിൽ വീട് മെയിന്റനൻസ് ചെയ്ത് വാസയോഗ്യമാക്കാൻ കഴിയുന്ന എസ് സി കുടുംബങ്ങൾക്ക് 150000/- രൂപ വച്ച് നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.
1. പദ്ധതി പ്രകാരം പങ്കജാക്ഷി, ചരുവിള വീട് എന്നവർക്ക് 75000/- രൂപ അനുവദിച്ചിട്ടുണ്ട്. ടിയാളുടെ അപേക്ഷ ഫയലിൽ ലഭ്യമല്ല. രണ്ടാം ഗഡു അനുവദിച്ചതിന്റെ രേഖകളും ഭവന പുനർനിർമ്മാണത്തിന്റെ വാല്യവേഷൻ സ്റ്റേറ്റ്മെന്റും പരിശോധനക്ക് ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.
2. കുഞ്ഞിക്കുട്ടി, ചിറക്കോണത്ത് വീട് എന്നവർക്ക് രണ്ടാം ഗഡു അനുവദിച്ചതിന്റെ രേഖകളും, എ ഇ യുടെ വാല്യവേഷൻ സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
3. കുഞ്ഞി, ചരുവിള വീട് എന്നവരുടെ വാല്യവേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 150065/- രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം 121065/- രൂപയാണ് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നത്. വാല്യവേഷൻ സ്റ്റേറ്റ് മെന്റിനെക്കാൾ തുക കുറവ് അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.
4. താഴെ ചേർക്കുന്ന ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ മോണിറ്ററിംഗ് റിപ്പോർട്ട്, മുദ്രപത്രം എന്നിവയിൽ രേഖപ്പെടുത്തലിലില്ല.

A . രാജി, ചരുവിള പുത്തൻ വീട്

B. രാധ, ചരുവിള വീട്

C. സത്യഭാമ, സിനി വിലാസം

D. രാജമ്മ, ചരുവിള പുത്തൻ വീട്

E. കുഞ്ഞിക്കുട്ടി, ചിറക്കോണത്ത് പുത്തൻ വീട്

F. അജിത, മഞ്ചിമ ഭവൻ

പരാമർശ പ്രകാരമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും പരാമർശിച്ച മറ്റ് അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-43 ഭരണസമിതി തീരുമാനങ്ങൾ നടപ്പിലാക്കിയില്ല

1) സകർമ്മ മിനട്സ് അംഗീകാരത്തിനായി അയച്ചതിന്റെയും അംഗീകരിച്ചതിന്റെയും രേഖപ്പെടുത്തലില്ല.
30-9-22 വരെയുള്ള സകർമ്മ മിനട്സ് പരിശോധിച്ചതിൽ അപ്രൂവലിനായി സെക്രട്ടറി അയച്ച തിയ്യതിയും അധ്യക്ഷൻ അംഗീകരിച്ച തിയ്യതിയും രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ രേഖപ്പെടുത്തൽ ഇല്ലാത്തത് എന്തു കാരണത്താലാണെന്ന് വ്യക്തമല്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 45/24-8-23 ന് മറുപടി ലഭ്യമാക്കിയില്ല.
2) 27-5-22 തീ-1 പ്രകാരം കല്ലറ ഗ്രാമപഞ്ചായത്തിലെ താപസഗിരി ഏലാ റോഡിൽ ശ്രീമതി.ജമീലബീവി, കുന്നിൽവീട്, താപസഗിരി എന്നയാളുടെ വീടിന് സമീപത്തുള്ള 427/16 സർവ്വെ നമ്പരിൽ ഉൾപ്പെട്ട പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വേയർക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്
3) 5-9-22 അജണ്ട 20 പ്രകാരം കല്ലറ ഗ്രാമപഞ്ചായത്തിലെ 1ാം വാർഡിൽ പോറ്റിമുക്കിൽ നിന്നും കാട്ടുംപുറം എച്ച്.എം.റ്റി ഗാർഡൻ റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് ശ്രീ.നിസാറുദ്ദീൻ വിട്ട് നൽകിയിട്ടുള്ള സ്ഥലം സർവ്വെ സ്കെച്ച് പ്രകാരമാണെന്ന് എൽ.എസ്.ജി.ഡി, എ.ഇ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ (വഴിയുടെ നീളം-259.85 മീറ്റർ, വഴിയുടെ വീതി- 3.92 മീറ്റർ). ടി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് എൽ.എസ്.ജി.ഡി അസിസ്റ്റൻറ് എൻജിനിയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ആയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.
4) 27-10 -22 അജണ്ട-2ചെറുവാളം വാർഡിൽ നെട്ടന്തേരി മുതൽ തമ്പുരാട്ടി ഏലാവരെയുള്ള റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് വസ്തു ഉടമകൾ ഒപ്പിട്ട സറണ്ടർ ഫോമും അനുബന്ധ രേഖകളും പഞ്ചായത്ത് കമ്മിറ്റി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് റോഡിൻറെ അളവ് രേഖപ്പെടുത്തി നൽകുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും LID & EW അസിസ്റ്റൻറ് എഞ്ചിനിയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-44 ലൈഫ് ഭവന നിർമ്മാണം ആരംഭിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കൽ-തുടർ നടപടിവിവരം ലഭ്യമാക്കിയില്ല

28-12-22 അജണ്ട-3, തീ-1 പ്രകാരം കല്ലറ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതി പ്രകാരം ശ്രീമതി.ലതിക, പാറമുകളിൽ വീട്, കല്ലറ എന്നയാൾ 06/07/2018 ലും ശ്രീ.ശ്രീലാൽ, ഷിബു ഭവൻ, വെള്ളംകുടി, കല്ലറ എന്നയാൾ 18/01/2019 ലും എഗ്രിമെന്റ് വെച്ച് 40000/രൂപ വീതം കൈപ്പറ്റിയിട്ടുണ്ടെന്നും എന്നാൽ നാളിതുവരെ പണി ആരംഭിച്ചിട്ടില്ലായെന്നും ആയതിനാൽ ടി ആൾക്കാരിൽ നിന്നും കൈപ്പറ്റിയ തുക തിരിച്ചടപ്പിക്കണമെന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യുടെ കത്ത് യോഗം ചർച്ച ചെയ്യുകയും തുക കൈപ്പറ്റിയിട്ടും നാളിതുവരെ പണി ആരംഭിക്കാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ആൾക്കാരിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ തുക തിരികെ പിടിക്കുന്നതിനും ആയതിന് മുന്നോടിയായി നോട്ടീസ് നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടിവിവരം ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 46/24-8-23 ന് മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ഈടാക്കിയ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-45 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ടുകളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 692296/- രൂപയുടെ ചെലവ് തടസ്സത്തിൽ വക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ 2022-23 വർഷം നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം./പേര് | സുലേഖ പ്രകാരമുള്ള ചെലവ് | ഫണ്ട് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 71/23, നെട്ടംതേരി അങ്കണവാടി വിഹിതം നൽകൽ | 342795 ( Vr No-22201627/22-3-23) | തനത് ഫണ്ട് |
| 2 | 73/23, കഴകൻ പച്ച അങ്കണവാടി വിഹിതം നൽകൽ | 353501 ( Vr No-22201629/22-3-23) | തനത് ഫണ്ട് |
| | ആകെ | 692296 | |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 41ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പറഞ്ഞ രണ്ട് അങ്കണ വാടികളുടെയും പ്രവൃത്തികൾ സാമൂഹ്യ നീതി വകുപ്പ് സംയോജിത ശിശു വികസന പദ്ധതി പ്രകാരവും നടപ്പിലാക്കുന്ന പദ്ധതികളിൽ പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും തുക നൽകുകയും ബാക്കി തുക ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ജില്ലാ പഞ്ചായത്ത് വഴിയാണ് നൽകേണ്ടതെന്നും ടി തുക ലഭിക്കുന്നതിനായി ഫയലുകളുടെ അളവു പുസ്തകം സഹിതം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലാണ് നിലവിൽ ഉള്ളതെന്നും ബില്ല് മാറുന്ന മുറക്ക് അളവു പുസ്തകം സഹിതം ഫയൽ ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 692296 /- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-46 ബിവറേജ് കൈതക്കെട്ട് കോൺക്രീറ്റ് റോഡ് തകർന്നത്- തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നം. 208/23 പ്രകാരം 290322/- രൂപ ചെലവഴിച്ച് 20-3-23 ന് പ്രവർത്തി പൂർത്തീകരിച്ചതാണ് കൈത കെട്ട് ബിവറേജസ് റോഡ് (എഗ്രിമെന്റ് നം. 35/ AE/2022-23 DT-7-3-23 തീയതിയിൽ പ്രകാരം). 4-3-23 ലെ അജണ്ട-37 പ്രകാരം കല്ലറ ഗ്രാമപഞ്ചായത്തിലെ ബിവറേജ് കൈതക്കെട്ട് കോൺക്രീറ്റ് റോഡ് സ്വകാര്യ വ്യക്തികൾ വീട് നിർമ്മാണത്തിനായി മണ്ണ് മാറ്റിയതിനാൽ സഞ്ചാരയോഗ്യമല്ലാത്തതായി തീർന്നതായി ശ്രീ. വിക്രമൻ എന്നയാൾ നൽകിയ പരാതി പ്രകാരം എൽ എസ് ജി ഡി അസിസ്റ്റൻറ് എൻജിനീയർ അന്വേഷണം നടത്തിയതിൽ റോഡ് തകർന്നിട്ടുള്ളതായും 20188/- രൂപ റോഡിന്റെ പുനർനിർമാണത്തിന് ആവശ്യമുള്ളതായും റിപ്പോർട്ട് ലഭിച്ച സാഹചര്യത്തിൽ ടി തുക പ്രസ്തുത സ്വകാര്യ വ്യക്തികളിൽ നിന്നും ഈടാക്കുന്നതിന് കത്ത് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി തുക ഈടാക്കി അപാകം പരിഹരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിൽ (40/24-8-23) തുക ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-47 വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികൾ - ഫയൽ മറ്റ് അനുബന്ധ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല- ചെലവു തുക 494800/- രൂപ തടസ്സപ്പെടുത്തുന്നു

എ)

| | |
|---|---|
| പ്രോജക്റ്റ് നം. | 41/23 (SO) |
| പ്രോജക്റ്റിന്റെ പേര് | വീട് വാസയോഗ്യമാക്കൽ |
| അടങ്കൽ | 322300 |
| ഫണ്ടിനം | പ്ളാൻ ഫണ്ട്- എസ് സി പി – 320944/-<br>തനത് ഫണ്ട് – 1356/- |
| ചെലവ് | 300000 |
| ബിൽ നം. | 9/26-4-22-75000<br>18/16-5-22-150000<br>231/9-2-23-75000 |
| നിർവ്വഹണം | വി.ഇ.ഒ. സർക്കിൾ I |

മേൽ പദ്ധതി പ്രകാരം ഭവന പുനരുദ്ധാരണത്തിനായി 300000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവു രേഖകൾ, അപേക്ഷകൾ, രജിസ്റ്റർ എന്നിവ ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതു വരെക്കും 300000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി)

| | |
|---|---|
| പ്രോജക്റ്റ് നം. | 38/23 |
| പ്രോജക്റ്റിന്റെ പേര് | വീട് വാസയോഗ്യമാക്കൽ(SCP) |
| അടങ്കൽ | 200000/- |

| | |
|---|---|
| ചെലവ് | 194800/- |
| ഫണ്ടിനം | പ്ലാൻ ഫണ്ട്- എസ് സി പി |
| ബിൽ നം. | 8/26-4-22-179200<br>36/29-6-22-15600 |
| നിർവ്വഹണം | വി.ഇ.ഒ. സർക്കിൾ I |

മേൽ പദ്ധതി പ്രകാരം ഭവന പുനരുദ്ധാരണത്തിനായി 194800/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവു രേഖകൾ, അപേക്ഷകൾ, രജിസ്റ്റർ എന്നിവ ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതു വരെക്കും 194800/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-48 ഇ ടെണ്ടറിനായി ആരംഭിച്ച കറന്റ് അക്കൗണ്ടിലൂടെ മറ്റ് ട്രാൻസാക്ഷൻസ് നടത്തുന്നു- സർക്കാർ നിർദ്ദേശത്തിന് വിരുദ്ധം

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ് ബി ഐ കല്ലറ ബ്രാഞ്ചിൽ അക്കൗണ്ട് നം. 38625422728 ൽ 1-4-22 ന് 344076.14 രൂപ മുൻബാക്കിയും 31-3-23 ൽ 892567.14 രൂപ നീക്കിയിരുപ്പുള്ള ബാങ്ക് സ്റ്റേറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

ടി അക്കൗണ്ടിൽ രേഖപ്പെടുത്തിയ വരവു ചെലവുകൾ ഏതെല്ലാം ഇനങ്ങളുമായി ബന്ധപ്പെട്ടതാണെന്നും നീക്കിയിരുപ്പ് തുകയിലെയും മുൻ ബാക്കി തുകയിലെയും ഉൾപ്പെട്ട ഇനങ്ങളുടെ വിശദാംശം ലഭ്യമാക്കുന്നതിനും പഞ്ചായത്തിന്റെ ഓഡിറ്റ് എൻക്വയറിക്ക് (നം.18/22.08.23) മറുപടിയായി മരാമത്ത് പ്രവർത്തികൾ ഇ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ ഫീസ് അതാത് ഓഫീസിലേക്ക് എടുക്കുന്നതിനായാണ് ചീഫ് എഞ്ചിനീയറുടെ സർക്കുലർ പ്രകാരം മേൽ കറന്റ് അക്കൗണ്ട് ആരംഭിച്ചതെന്നും എന്നാൽ പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിലെ തനത് ഫണ്ട്, ശുചിത്വമിഷൻ ഗ്രാന്റ് തുടങ്ങിയ ഫണ്ട് അനുവദിക്കുന്ന പ്രവർത്തികളിൽ കരാറുകാർക്ക് തുക നേരിട്ട് അനുവദിക്കാതെ മേൽ പറഞ്ഞ കറണ്ട് അക്കൌണ്ട് പ്രകാരമാണ് തുക അനുവദിക്കുന്നതെന്നും ഇനി തുക നേരിട്ട് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. G.O(p) No.119/2015/Fin Dated 21.3.2015 ക്രമ നം. 4 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ സാംഖ്യയിൽ നിന്ന് ജനറേറ്റ് ചെയ്ത കണ്ടിജന്റ് ബില്ലുകൾ ഉപയോഗിച്ച് നേരിട്ട് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ചെലവ് ചെയ്യാനാണ് നിർദ്ദേശമുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ പ്രത്യേക അക്കൗണ്ട് ആരംഭിക്കാനോ ആയതിലൂടെ ചെലവു തുക കൈമാറാനോ മേൽ ഉത്തരവിൽ നിർദ്ദേശമില്ല. ഇ ടെണ്ടർ ഫീസ് ലഭിക്കുന്നതിന് ആരംഭിച്ച് അക്കൌണ്ട് പ്രസ്തുത ആവശ്യത്തിനു മാത്രമുള്ളതാണ്. ടി അക്കൗണ്ടിലുള്ള തുകയുടെ വരവ് ചെലവ് വിശദാംശം പരിശോധിച്ച് ഏതെല്ലാം ഇനത്തിൽ ലഭിച്ചതാണെന്നും ആയതിനനുസരിച്ചുള്ള തുടർ നടപടി സ്വീകരിച്ച് വിശദാംശം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-49 ആസ്തി സംരക്ഷണം, ആസ്തി രജിസ്റ്റർ കാലികമാക്കൽ എന്നിവ പൂർണ്ണമായും നടപ്പിലായില്ല

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.

പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെ വിശദാംശങ്ങളും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/22.08.22) മറുപടിയായി (20/22-8-23) ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട റോഡുകളുടെ മാപ്പിംഗ് KSREC യുടെ കീഴിൽ R-TRACK ആൻഡ്രോയിഡ് സോഫ്റ്റ് വെയർ ഉപയോഗിച്ച് പുരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നും നിലവിൽ റോഡു മാപ്പിംഗ് പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും അടുത്ത ഘട്ടമായി മാപ്പിംഗ് പൂർത്തീകരിച്ച റോഡുകളുടെ വെരിഫിക്കേഷൻ ഘട്ടമാണെന്നും എത്രയും വേഗം വെരിഫിക്കേഷൻ പൂർത്തീകരിക്കുന്നതിനായി KSREC ക്ക് നൽകുന്നതാണെന്നും ആയതിന്റെ അടുത്ത ഘട്ടത്തിലൂടെ റോഡിതര ആസ്തികളുടെ ഡാറ്റാ ബേസും

തയ്യാറാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണെന്നും തയ്യാറാക്കിയ ഡാറ്റാ ബേസ് അടിസ്ഥാനമാക്കി ആസ്തി സംരക്ഷണ പദ്ധതി ബന്ധപ്പെട്ട ഘടക സ്ഥാപനങ്ങളുടെ മേധാവികളുടെ സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

## 1-50 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

1. 2022-23 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ചുവടെ ചേർക്കുന്ന സ്പിൽ ഓവർ പദ്ധതികൾ 2022-23 വർഷം നടപ്പാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 65/23 | പാറമുകൾ കുടിവെള്ള പദ്ധതി, മെയിന്റനൻസ് | 350000 |
| 2 | 68/23 | തെങ്ങുംകോട് എൽ പി എസ് ചുറ്റുമതിൽ നിർമ്മാണം | 440936 |
| 3 | 69/23 | ചെറുവാളം അങ്കണ വാടി നിർമ്മാണം - പഞ്ചായത്ത് വിഹിതം നൽകൽ | 1231186* |
| 4 | 50/23 | വെള്ളം കുടി ദാവീദ് കോളനി റോഡ് മെയിന്റനൻസ് | 500000 |
| 5 | 78/23 | കല്ലറ മാർക്കറ്റ്, കല്ലറ സി എച്ച് സി എന്നിവിടങ്ങളിൽ ഉമ്പൂർ മുഴി | 824799 |

*2021-22 ൽ 218814/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2. 2021-22 ലെ പൂർത്തിയാകാത്ത താഴെ ചേർക്കുന്ന പദ്ധതികൾ 2022-23 ൽ സ്പിൽ ഓവർ പദ്ധതികളായി ഉൾപ്പെടുത്തിയിട്ടില്ല.

1. Pr.No.26/22, വട്ടക്കരിക്കകം പാലുവള്ളി റോഡ് പുനരുദ്ധാരണം
2. Pr.No.27/22, പുത്തൻവിള പള്ളിമുക്ക് റോഡ് പുനരുദ്ധാരണം
3. Pr.No.221/22, അങ്കണവാടികൾക്ക് ടോയ്‌ലറ്റ് നിർമ്മാണം
4. Pr.No.134/22, ജലജീവൻമിഷൻ

പദ്ധതികൾ നടപ്പാക്കാത്തതിന്റെ കാരണവും പദ്ധതികൾ ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണവും ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറി നം. 19 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1 -1ൽ പ്രവൃത്തിയുടെ ടെണ്ടർ, റീ ടെണ്ടർ എന്നിവയിൽ ആരും പങ്കെടുക്കാത്തതിനാൽ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല. 1-2, 1-3, 1-4 പ്രകാരമുള്ള പ്രവൃത്തികളുടെ ബിൽ 2023-24 ൽ മാറിയിട്ടുണ്ട്. 1-5, കല്ലറ മാർക്കററിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ആധുനിക മാർക്കറ്റ് വരുന്നതിനാൽ ഉമ്പൂർ മുഴി പദ്ധതി നടപ്പിലാക്കാൻ സാധിക്കില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. ക്രമ നം-2-1, 2-2 എന്നിവ ടെണ്ടർ, ക്വട്ടേഷൻ എന്നിവയിൽ ആരും പങ്കെടുക്കാത്തതിനാൽ നടപ്പിലാക്കിയില്ല എന്നും, 2-3 പ്രകാരമുള്ള പദ്ധതി ഫണ്ടിന്റെ അഭാവം മൂലം സ്പിൽ ഓവറായി ഉൾപ്പെടുത്തിയില്ല എന്നും 2-4 വാട്ടർ അതോറിറ്റിയിൽ നിന്നും സമയ ബന്ധിതമായി വിവരങ്ങൾ ലഭ്യമാവാത്തതിനാലാണ് പദ്ധതി നടപ്പാക്കാത്തതെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കാത്തത് ഫണ്ട് ലാപ്സിന് കാരണമാകുന്നതിനാൽ സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ നടപ്പാക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകളുടെ വിശദാംശം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 200000 | സോളാർ ഫെൻസിംഗ് | 200000 | 0 |
| | | 0 | 150000 | അനുപൂരക പോഷകാഹാരം | 150000 | 0 |
| | | 0 | 216750 | സ്നേഹസ്പർശം | 216750 | 0 |
| | | 0 | 500000 | കുന്നംപുറം-നല്ലാംകുന്ന് കോളനി റോഡ് | 500000 | 0 |
| | | 0 | 142496 | ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി | 142496 | 0 |
| | | 724614 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 724614 |
| ആകെ | | 724614 | 1209246 | | 1209246 | 724614 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 42000 | ഹരിതഭവനം | 42000 | 0 |
| | | 0 | 163351 | ലൈഫ് ഭവന പദ്ധതി എസ് സി പി | 163351 | 0 |
| | | 0 | 216750 | സ്നേഹസ്പർശം | 216750 | 0 |
| | | 0 | 26776 | ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി | 26776 | 0 |
| | | 119750 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 119750 |
| ആകെ | | 119750 | 448877 | | 448877 | 119750 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് ( I6) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് +തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 724614 | 1209246 | 1933860 | 1209246 | 724614 | 724614 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 119750 | 448877 | 568627 | 448877 | 119750 | 119750 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പകൽവീടിന് വൈദ്യുതി ലഭിക്കുന്നതിന് ത്രീ ഫേസ് കണക്ഷൻ | 100000 | - | 100000 |
| ഭൂജല വകുപ്പ് | കല്ലറ ബസ് സ്റ്റാൻഡ് കുഴൽകിണർ നവീകരണം | 198000 | - | 198000 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 40149 | 100000 | 140149 | - | 140149 | 40149 |
| കേരള വാട്ടർ അതോറിറ്റി | 7747622 | - | 7747622 | | | 6064692 |
| ഭൂജലവകുപ്പ് | - | 198000 | 198000 | - | 198000 | - |
| പൊതുമരാമത്ത് വകുപ്പ് | 28884 | - | 28884 | - | 28884 | 28884 |

നീക്കിയിരിപ്പ് തുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. അപാകം ഖ.1-1-9 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ( RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | ജി.ഒ(എം.എസ്) 68/18 തീയതി 15.05.2018 | 50445903 | 2320000 | 4898606 | 47867297 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2-2 | മാട്ടിറച്ചി വ്യാപാരം ലേലകുടിശികയിനത്തിൽ ഈടാക്കാൻ 4,33,334/- രൂപ ബാക്കി | റവന്യൂ റിക്കവറി |

## 4-8 ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 23816379 |
| ഓഡിറ്റ് വർഷത്തെ വരവ് | 42800860 |
| ആകെ | 66617239 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 36243493 |
| നീക്കിയിരിപ്പ് | 30373746 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6771865 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 137500 | ശ്രീ.ബിജു.ബി.കെ, ഹെഡ്മാസ്റ്റർ |
| 1-18 | 150000 | ശ്രീ.ബിജു.ബി.കെ, ഹെഡ്മാസ്റ്റർ |
| 1-19 | 99998 | ശ്രീ.ബിജു.ബി.കെ, ഹെഡ്മാസ്റ്റർ |
| 1-21 | 1735000 | ശ്രീമതി സഫീന.എസ്. വി.ഇ.ഒ സർക്കിൾ I |
| 1-26 | 936878 | 86878/-ശ്രീ.കൃഷ്ണകുമാർ.ഇ.എസ്, സെക്രട്ടറി<br>850000/- ശ്രീ.പ്രദീപ്.എസ്, സെക്രട്ടറി |
| 1-27 | 323959 | ശ്രീ.കൃഷ്ണകുമാർ.ഇ.എസ്, സെക്രട്ടറി |
| 1-28 | 283908 | ശ്രീമതി ലക്ഷ്മി.ഡി, സെക്രട്ടറി |
| 1-30 | 67950 | * സെക്രട്ടറി |
| 1-35 | 198000 | ശ്രീ.സുനിൽ .പി, സെക്രട്ടറി |
| 1-37 | 1076576 | ശ്രീ. രവീന്ദ്രബാബു, അസിസ്റ്റന്റ് സെക്രട്ടറി |
| 1-41 | 575000 | ഡോ. കെ.സുനിൽ കുമാർ, വെറ്റിനറി സർജൻ |
| 1-45 | 692296 | ശ്രീ. ഉണ്ണികൃഷ്ണൻ .വി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-47 | 494800 | 419800/- ശ്രീ. സനൽ കുമാർ, വി.ഇ.ഒ<br>75000/- ശ്രീ. സഫീന.എസ്, വി.ഇ.ഒ |
| ആകെ | 6771865 | |

** ചെലവ് തുകയുടെ ചെക്ക് നമ്പർ തീയതി എന്നിവ ലഭ്യമല്ലാത്തതിനാൽ ഉത്തരവാദിയെ നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.*

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബിജു.ബി.കെ ഹെഡ്മാസ്റ്റർ | എച്ച്.എം, ഗവ.യു.പി.എസ്, തെങ്ങുംകോട് | തനിമ, ശരവണ ജംഗ്ഷൻ, കല്ലറ.പി.ഒ, തിരുവനന്തപുരം |
| ശ്രീ. സനൽകുമാർ.വി.കെ, വി.ഇ.ഒ II | ലഭ്യമല്ല. | നീർമാതളം, ഇക്കോവിൽ വട്ടം, ഭരതന്നൂർ.പി.ഒ, തിരുവനന്തപുരം |
| ശ്രീമതി സഫീന.എസ്, വി.ഇ.ഒ I | കല്ലറ ഗ്രാമപഞ്ചായത്ത് | പുത്തൻകെട്ടിടം, കന്യാകുളങ്ങര, വെമ്പായം |
| ശ്രീ. കൃഷ്ണകുമാർ.ഇ.എസ്, സെക്രട്ടറി | കല്ലറ പഞ്ചായത്ത് | മിനിഭവൻ, ചെറുമാങ്കോട്ട്കോണം, അരുവിക്കര.പി.ഒ |
| ശ്രീ. ഉണ്ണികൃഷ്ണൻ.വി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | കല്ലറ പഞ്ചായത്ത് | പ്രണവം, ശാർക്കര, ചിറയിൻകീഴ്.പി.ഒ |
| ഡോ. കെ.സുനിൽ കുമാർ, വെറ്ററിനറി സർജൻ | ഡെപ്യൂട്ടി ഡയറക്ടർ, AH, SAMETI, ആനയറ | റ്റി.സി.55/2095, കെ.ജി.154 കൽപ്പക ഗാർഡൻസ്, വിശ്വംഭരൻ റോഡ്, പാപ്പനംകോട്, തിരുവനന്തപുരം-695018 |
| ശ്രീമതി രജിത.റ്റി. | വി ഇ ഒ II | വിളയൽ വീട്, അഞ്ചുതെങ്ങ് |
| ശ്രീ. രവീന്ദ്രബാബു | അസിസ്റ്റന്റ് സെക്രട്ടറി | ബീനാ സദനം, ചെന്നിലോട്, മെഡിക്കൽ കോളേജ് .പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.14/1829/2022 തീയതി 15.10.2022 | 3 (3-10, 3-11, 3-12) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.14/1829/2022 തീയതി. 15.10.2022 | 6 (2-2, 3-3 (B), 3-6, 3-7, 3-12, 3-13) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.14/1829/2022 തീയതി. 15.10.2022 | 8 (2-1, 2-4, 2-9 (B), 3-2, 3-4, 3-9, 3-15, 3-17) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/157/2019 തീയതി. 27.04.2019 | 39 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/198/2020 തീയതി. 02.06.2020 | 47 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/362/2022 തീയതി. 23.03.2022 | 41 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/998/2022 തീയതി. 30.06.2022 | 58 |
| 2021-22 | കെഎസ്എ.റ്റി.വി.എം./ജിപി.14/2067/2022 തീയതി. 07.01.2023 | 66 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number I(I) dated 15-07-2023 and submitted on 20-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kallara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kallara Grama Panchayat for the year 2022-2023

Date: 16/11/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Kallara Grama Panchayat for the Year 2022-2023.

**1.Major Observations**

Discrepancies in carring forward of the closing balance for the bank account - Closing balance of SBI e-Payment Account for 2021-22 ( Rs. 577906/-) does not agree with that of the opening balance of the same in 2022-23 (577926/-). The difference is to be explained.

**2.Other Observations**

1. Mandatory statements prescribed in accounting rules not attached with Annual Financial Statement. The financial ratios, notes to accounts are not submitted for audit.
2. Net increase /decrease in cashflow (6557367/-) does not match with the difference between the opening balance and closing balance of cash and cash equivalents (1549749/-) .
3. Lapses in making timely and accurate demand entries in respect of tax and non tax revenue. (Eg: Property tax,

Profession tax).

4. The valuation of stock and stores are not done at the end of the financial year and also not included in B-14 Stock in hand (inventories) schedule.

5. No action has been taken to transfer the amount which has been expired (3 Years) outof Rs. 116743/- under the Liability head in respect of Stale cheques to income head.

6. Cheque of Rs. 2743/- deposited but not credited into SBI e pay account till date.Further action has not been taken.

7. Joint venture project amount shown as liability in Balance sheet (Rs. 844364/-) does not match with the treasury account (Rs. 0/-) opened for the same. The difference is to be explained.

8. No monthly reconciliation is done between ledger balances and related registers.

9. The amount sanctioned to KSEB (Rs. 100000/-) and to Ground Water Department (Rs. 198000/-) for deposit works are not included in Advance to implementing agencies (RP- 49(p)) head and B 18 schedule of the balance sheet (Utilisation Certificate not received).

10. As per 2021-22 Annual Financial Statement B-18 schedule, the amount given to water authority which is to be adjusted is Rs. 7,747,622/-. As per 2022-23 Annual Financial Statement B-18 schedule the said amount is Rs. 6,064,692/-. Utilization certificate of Rs. 1682930/- (7747622 - 6064692) not presented for audit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്